03
2024
ഏപ്രിൽ
ബുധൻ
മീനം 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.164 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-164 | പേജ് 4. വില 2.00 രൂപ



02 കള്ളക്കടൽ പ്രതിഭാസം: വെള്ളം ഒഴുക്കാനുള്ള ശ്രമം തുടരുന്നു

03 അൽ ഷിഫയിൽ കൊല്ലപ്പെട്ടത് 400 ലധികം പലസ്തീനികൾ, വെടിനിർത്തൽ ചർച്ച പുനരാരംഭിച്ചു

04 ദമ്പതിമാരും സുഹൃത്തായ അധ്യാപികയും അരുണാചലിലെ ഹോട്ടലിൽ മരിച്ചനിലയിൽ


# രാഷ്ട്രീയ പോർമുഖത്തേക്കും കടലേറ്റം

**യേശുദാസ് വില്യം**



തിരുവനന്തപുരം: കേരളത്തിന്റെ തീരമേഖലയിലെ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പു രാഷ്ട്രീയ പോർമുഖത്തേക്കു കടലേറ്റം പോലെ ഉയർന്ന വേഗത കൈവരിച്ച ദിവസങ്ങളാണ് കടന്നുപോയത്.തെക്കൻ കള്ളനെന്നു മീൻപിടുത്തക്കാർ പറയുന്ന 'കള്ളക്കടൽ' കേരള തീരത്തേക്ക് ഈസ്റ്റർ ദിനത്തിൽ അടിച്ചുകയറിയപ്പോൾ തീരമേഖലയിൽ പൊടുന്നനെയുണ്ടായ നാശനഷ്ടങ്ങൾ തീരത്തെ ഉലയ്ക്കുന്ന ഗുരുതരവിഷയങ്ങൾ തന്നെയാണന്നും നേരിട്ടുബോധ്യപ്പെടുവാൻ കാരണമായി. മുന്നറിയിപ്പൊന്നുമില്ലാതെ തെക്കൻകടൽ വന്നതുപോലെ പോയെങ്കിലും അന്നു 'കരമുടക്ക'മായതുകൊണ്ടു മൽസ്യത്തൊഴിലാളികൾക്കും യാനങ്ങൾ കടലപകടങ്ങൾ ഉണ്ടാക്കാതെ 'കള്ളക്കടൽ' പിൻവാങ്ങി.ഇപ്പോൾ കാലാവസ്ഥാ മുന്നറിയിപ്പിന്റെ തള്ളിക്കയറ്റമാണ്.

കേന്ദ്രത്തിൽ നിന്നും തീരമേഖലക്കായുള്ള നിരവധി ആവിശ്യങ്ങൾ മുറവിളിയായി തീരത്തു അലയടിക്കുന്നു.അതിൽ ഏറ്റവും പ്രധാനപ്പെട്ട ആവിശ്യമാണ് മൽസ്യത്തൊഴിലാളികൾക്കാവിശ്യമായ മണ്ണെണ്ണ ലഭ്യമാകുന്നത്.കേന്ദ്രത്തിൽ നിന്നും കൃഷി ആവിശ്യങ്ങളുടെ ഗണത്തിൽ പെടുത്തി ലഭിക്കുന്ന മണ്ണെണ്ണ ഫലത്തിൽ ഒരു ദിവസത്തെ മൽസ്യബന്ധനത്തിനു പോലും തികയില്ല.സർക്കാരിന്റെ സബ്സിഡി കഴിച്ചാൽ പിന്നെ കരിഞ്ചന്തയിൽ പൊള്ളുന്ന വിലക്ക് മണ്ണെണ്ണ വാങ്ങിയാണ് വള്ളങ്ങൾ കടലിൽ പോകുന്നത്.പഞ്ഞമാസങ്ങളിൽ മൽസ്യത്തൊഴിലാളികളുടെ പ്രതീക്ഷ തല്ലിക്കെടുത്തിക്കൊണ്ടു വറുതിയും,കടക്കെണിയും കൊണ്ടുവരുന്നതിന്റെ പ്രധാനകാരണങ്ങളിലൊന്നാണിത്.കേന്ദ്രത്തിൽ ഫിഷറീസ് മന്ത്രാലയം നിലവിൽ വന്നുവെങ്കിലും മൽസ്യബന്ധനത്തിനുമാത്രമായി മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ക്വോട്ട അനുവദിക്കുവാനായില്ല.അവരിപ്പോഴും മൽസ്യബന്ധനത്തെ കൃഷിയുമായി കൂട്ടിക്കെട്ടിയിരിക്കുകയാണ്.യന്ത്രവൽകൃത ട്രോളിംഗ്ബോട്ടുകൾ മൽസ്യബന്ധനത്തിനായി നിറക്കുന്ന ഡീസലിനു റോഡ് സെസ് ഇടാക്കുന്നതിലെ അമർഷം ആ മേഖലയിലുണ്ട്.സോളാർ വള്ളങ്ങളും,ബോട്ടുകളും എത്തുന്നകാലം പ്രതീക്ഷയോടെ കാക്കുകയാണ് മൽസ്യബന്ധനമേഖല.

ഹരിതവിപ്ലവത്തിനും,ധവളവിപ്ലവത്തിനും നാഥൻമാർ ഉണ്ടായിരുന്നു.എന്നാൽ നീല വിപ്ലവത്തിന് ചൂണ്ടിക്കാണിക്കുവാൻ അതില്ല.അനന്തമായ കടൽസമ്പത്തു പ്രയോജനപ്പെടുത്തുവാനും,പരമ്പരാഗത മൽസ്യത്തൊഴിലാളികളെയും,മൽസ്യമേഖലയുടെ ആകെ ഉന്നതിയും ലക്ഷ്യം വെച്ചുള്ള നീലവിപ്ലവത്തിന്റെ അലയൊലികൾ ഇനിയും കേരള തീരത്തേക്കു വന്നടുത്തിട്ടില്ല. എല്ലാ ആധുനീക സൗകര്യങ്ങളോടും കൂടിയ ആഴക്കടൽ ട്രോളറുകൾ കേരള തീരത്തെ ചെറുകിട സംഘങ്ങൾക്കു നൽകിയെങ്കിലും അതിന്റെ ഉദ്ദേശശുദ്ധിയേയും,അനന്തസാധ്യതകളേയും പരമ്പരാഗത മൽസ്യത്തൊഴിലാളികളിലെത്തിക്കുന്നതിൽ പരജയപ്പെട്ടു.അതുകൊണ്ടാണ് ഇരുന്നൂറു നോട്ടിക്കൽ മൈൽ ഉള്ളിലേക്കുപോയി മൽസ്യം പിടിക്കേണ്ടആധുനീക ട്രോളറുകൾ ട്രോളിംഗ് നിരോധനകാലത്തു പോലീസു ബോട്ടുകളായി ഹാർബറുകളിൽ പട്രോളിംഗനു വാടകയ്ക്കു കെട്ടിയിട്ടത്.

നിരവധി കേന്ദ്ര,സംസ്ഥാന പാക്കേജുകൾ തീര മേഖലക്കായി ഉണ്ടെങ്കിലും തീരശോഷണം,പുനരധിവാസം,കടലാക്രമണം,തൊഴിൽ നഷ്ടം, തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇപ്പോഴും നീറി നിൽക്കുന്നു.തലസ്ഥാനത്തെ പ്രമുഖ പോരാട്ടത്തിൽ മൽസരാർത്ഥികൾ ലത്തീൻ അതിരൂപതാ ആസ്ഥാനത്ത് ഒന്നിച്ചെത്തുമ്പോൾ തീരമേഖലയുടെ കാതലായ ആവിശ്യങ്ങൾ ഉന്നയിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. ശരിദൂരത്തിനൊപ്പം നിൽക്കുന്ന ലത്തീൻ സഭയുടെ രാഷ്ട്രീയകാര്യ സമിതിക്കും ഈ ഒത്തുചേരൽ പുതിയ ചിന്തകൾക്കു വഴിതുറക്കുമെന്നും നരീക്ഷിക്കപ്പെടുന്നു.

## രാഹുൽ ഗാന്ധി ഇന്ന് പത്രിക സമർപ്പിക്കും

കോഴിക്കോട്: വയനാട്ടിൽ യുഡിഎഫ് സ്ഥാനാർഥിയും നിലവിലെ എംപിയുമായ രാഹുൽ ഗാന്ധി ബുധനാഴ്ച നാമനിർദേശപത്രിക സമർപ്പിക്കും. വയനാട്ടിലെ ഏഴ് നിയോജകമണ്ഡലങ്ങളിൽനിന്നുള്ള പ്രവർത്തകർ പങ്കെടുക്കുന്ന റോഡ് ഷോ രാവിലെ നടക്കും.

പിന്നാലെ ഉച്ചയ്ക്ക് 12 ഓടെ പത്രിക സമർപ്പിക്കുമെന്ന് വയനാട് പാർലമെൻറ് മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി കൺവീനറും എംഎൽഎയും ആയ എ. പി. അനിൽകുമാറും ടി. സിദ്ദീഖ് എംഎൽഎയും അറിയിച്ചു. മൂപ്പൈനാട് പഞ്ചായത്തിലെ തലക്കൽ ഗ്രൗണ്ടിൽ ഹെലികോപ്റ്ററിൽ വന്നിറങ്ങുന്ന രാഹുൽ ഗാന്ധി റോഡ് ഷോ ആരംഭിക്കുന്ന കൽപ്പറ്റ പുതിയ ബസ് സ്റ്റാൻഡിൽ റോഡ് മാർഗം എത്തും. രാഹുലിന് പുറമേ കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ, രമേശ് ചെന്നിത്തല, വി. ഡി. സതീശൻ, മുസ്ലിം ലീഗ് നേതാക്കളായ പി. കെ. കുഞ്ഞാലിക്കുട്ടി,

## ടിക്കറ്റ് ചോദിച്ചതിൽ പക
# ടിടിഇയെ ട്രെയിനിൽനിന്ന് തള്ളിയിട്ട് കൊന്നു





തൃശൂർ : ടിക്കറ്റ് ചോദിച്ചതിനെത്തുടർന്നുള്ള വൈരാഗ്യത്തിൽ ഇതര സംസ്ഥാന തൊഴിലാളി ടിക്കറ്റ് പരിശോധകനെ ട്രെയിനിൽനിന്നു തള്ളിയിട്ടു കൊന്നു. എറണാകുളം സൗത്ത് ഡിപ്പോയിലെ ടിക്കറ്റ് പരിശോധകനായിരുന്ന എറണാകുളം മഞ്ഞുമ്മൽ പള്ളിക്കു സമീപം കുന്തപ്പാടം റോഡിൽ മൈത്രി നഗറിൽ കെ.വിനോദ് (48)ആണ് കൊല്ലപ്പെട്ടത്. പ്രതി ഒഡീഷ ഗഞ്ചാം ബഡഗോച്ച സ്വദേശി രജനികാന്ത രണജിത്തിനെ (42) ട്രെയിൻ പാലക്കാട് എത്തിയപ്പോൾ പൊലീസ് കസ്റ്റഡിയിലെടുത്തു.

എറണാകുളം പട്ന എക്സ്പ്രസ് വൈകിട്ട് 6.45ന് തൃശൂർ സ്റ്റേഷൻ വിട്ട് അധികം കഴിയും മുൻപ് മുളങ്കുന്നത്തുകാവ് സ്റ്റേഷനു സമീപത്താണു വിനോദിനെ തള്ളിയിട്ടത്. തൊട്ടടുത്ത ട്രാക്കിലേക്കു വീണ ഇദ്ദേഹത്തിന്റെ ദേഹത്തു കൂടി മറ്റൊരു ട്രെയിൻ കയറിയതിനെത്തുടർന്നാണു മരണം എന്നാണ് നിഗമനം. എസ് 11 കോച്ചിൽ ടിക്കറ്റ് പരിശോധനയ്ക്കെത്തിയ വിനോദും രജനികാന്തയും തമ്മിൽ തർക്കം ഉണ്ടായി. ടിക്കറ്റ് ഇല്ലാത്ത രജനികാന്തയോട് പാലക്കാട് എത്തുമ്പോൾ ഇറങ്ങണമെന്നു വിനോദ് നിർദേശിച്ചു. ഇതിനു ശേഷം ഇദ്ദേഹം വാതിലിനു സമീപമെത്തി വെള്ളം കുടിക്കുമ്പോൾ പ്രതി തള്ളിയിടുകയായിരുന്നുവെന്നാണു മറ്റു യാത്രക്കാർ നൽകുന്ന വിവരം.

മദ്യലഹരിയിലായിരുന്ന പ്രതി തങ്ങളെയും ആക്രമിക്കാൻ ശ്രമിച്ചതിനാൽ ചങ്ങല വലിക്കാൻ കഴിഞ്ഞില്ലെന്നും യാത്രക്കാർ പറയുന്നു. പിന്നീട് സമീപകോച്ചിലെ ടിടിഇയെ ഇവർ വിവരം ധരിപ്പിച്ചതിനെത്തുടർന്ന് അദ്ദേഹം റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ടാണു പ്രതിയെ പാലക്കാടുനിന്നു പിടികൂടിയത്.

തൃശൂരിൽനിന്ന് 9 കിലോമീറ്റർ മാറിയാണു മുളങ്കുന്നത്തുകാവ് സ്റ്റേഷൻ. ഇവിടെ നിന്ന് ഒന്നര കിലോമീറ്റർ കൂടി മുന്നോട്ടുപോയി മുളങ്കുന്നത്തുകാവ് ഓവർ ബ്രിജിനു സമീപത്താണു വിനോദിന്റെ മൃതദേഹം കിടന്നിരുന്നത്. തൊട്ടപ്പുറത്തെ ട്രാക്കിലൂടെ വന്ന ട്രെയിൻ കയറിയിരിക്കാം എന്നാണു കരുതുന്നത്. തലയിടിച്ചു ചോര വാർന്നതെന്നു കരുതുന്നിടത്തുനിന്നു മൂന്നുനാലു മീറ്റർ മാറിയാണു ശരീരത്തിന്റെ ഭാഗങ്ങൾ കടന്നിരുന്നത്.

തിരുവനന്തപുരം സ്വദേശിയായ വിനോദ് മഞ്ഞുമ്മൽ പള്ളിക്കു സമീപം പുതിയ വീട്ടിൽ താമസം തുടങ്ങിയത് കഴിഞ്ഞ 27ന് ആണ്. അമ്മ ലളിതയോടൊപ്പമായിരുന്നു താമസം. ഗൃഹപ്രവേശത്തിനു സഹപ്രവർത്തകരെയെല്ലാം ക്ഷണിച്ചിരുന്നു. മുൻപ് ഡീസൽ ലോക്കോ ഷെഡിലാണു വിനോദ് ജോലി ചെയ്തിരുന്നത്. ഏതാനും സിനിമകളിൽ ചെറുവേഷങ്ങൾ ചെയ്തിട്ടുമുണ്ട്. എസ്ആർഎംയു യൂണിയന്റെ സജീവ പ്രവർത്തകനായ വിനോദ് റെയിൽവേ ജീവനക്കാരനായിരുന്ന പിതാവ് വേണുഗോപാലൻ നായർ 2002ൽ മരിച്ചതോടെയാണു സർവീസിൽ പ്രവേശിക്കുന്നത്.

കെ.വിനോദ് ചെറിയ വേഷങ്ങളിലൂടെ മലയാള സിനിമയിൽ നിറഞ്ഞുനിന്ന വ്യക്തിത്വം. പതിന്നാലിൽപരം സിനിമകളിൽ അദ്ദേഹം ചെറിയ വേഷങ്ങൾ ചെയ്തിട്ടുണ്ട്. മമ്മൂട്ടി, മോഹൻലാൻ എന്നിവർക്കൊപ്പം സിനിമകളിൽ വേഷമിട്ട വിനോദ് ആഷിഖ് അബുവിന്റെ ഗ്യാങ്സ്റ്ററിലൂടെയാണു വെള്ളിത്തിരയിൽ അരങ്ങേറിയത്. ചിത്രത്തിൽ മമ്മൂട്ടിയുടെ ഗുണ്ടാസംഘത്തിലെ പ്രധാനിയായാണു വേഷമിട്ടത്. ആഷിക് അബുവിന്റെ സുഹൃത്തും സഹപാഠിയും ആയിരുന്നു വിനോദ്.

ചെറുപ്പം മുതൽ കലാപ്രവർത്തനങ്ങളിൽ സജീവമായിരുന്ന വിനോദിനു സിനിമ എന്നും സ്വപ്നമായിരുന്നെന്നാണ് അടുപ്പമുള്ളവർ പറഞ്ഞത്.

വില്ലാളിവീരൻ, മംഗ്ലീഷ്, ഹൗ ഓൾഡ് ആർ യു, അച്ഛാദിൻ, എന്നും എപ്പോഴും, വിശ്വാസം അതല്ലേ എല്ലാം, മിസ്റ്റർ ഫ്രോഡ്, ലൗ 24*7, വിക്രമാദിത്യൻ, പുലിമുരുകൻ, ഒപ്പം തുടങ്ങിയ സിനിമകളിൽ വിനോദ് അഭിനയിച്ചിട്ടുണ്ട്

## കടൽക്ഷോഭത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ വിശദീകരണം നൽകി ഐഎൻസിഒഐഎസ്

തിരുവനന്തപുരം: കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസമുണ്ടായ കടൽക്ഷോഭത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ വിശദീകരണം നൽകി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം (ഐഎൻസിഒഐഎസ്). തെക്കൻ അറ്റ്ലാന്റിക് സമുദ്രത്തിൽ മാർച്ച് 23ന് ഇന്ത്യൻ തീരത്ത് നിന്ന് 10, 000 കിലോമീറ്റർ അകലെ ഒരു ന്യൂനമർദ്ദം രൂപപ്പെടുകയും, 25 ഓടെ ഈ ന്യൂനമർദ്ദം ഇന്ത്യൻ മഹാസമുദ്രത്തിന്റെ തെക്ക് ഭാഗത്തേക്ക് നീങ്ങി. ഇതിന്റെ ഫലമായി തെക്കൻ ഇന്ത്യൻ മഹാസമുദ്രത്തിൽ (11 മീറ്റർ) വളരെ ഉയർന്ന തിരമാലകൾ സൃഷ്ടിക്കുകയും ആ തിരമാലകൾ പിന്നീട് ഇന്ത്യൻ തീരത്തേക്ക് എത്തുകയും ചെയ്തു. കേരളതീരത്തും ലക്ഷദ്വീപിലും മാർച്ച് 31 ന് രാവിലെയാണ് ഉയർന്ന തിരമാലകൾ ആദ്യമായി അനുഭവപ്പെട്ടത്. അടുത്ത രണ്ട് ദിവസത്തേക്ക്, ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് ഈ പ്രവണത കാണാനും മെല്ലെ ഇവ ദുർബലമാകാനുമുള്ള സാധ്യതയാണ് ഐഎൻസിഒഐഎസ് അറിയിച്ചത്. കടൽ കയറുന്ന പ്രതിഭാസം 'കള്ളക്കടൽ' ആണെന്ന് ദേശീയ സമുദ്രസ്ഥിതി ഗവേഷണ കേന്ദ്രം സ്ഥിരീകരിക്കുകയും ചെയ്തു.

കള്ളക്കടൽ എന്നത് ഇന്ത്യൻ മഹാസമുദ്രത്തിലെ തെക്കുഭാഗത്തായി ചില പ്രത്യേക സമയങ്ങളിൽ ശക്തമായ കാറ്റിന്റെ ഫലമായി ഉയർന്ന തിരകൾ ഉണ്ടാവുകയും അവ വടക്കോട്ട് സഞ്ചരിച്ചു ഇന്ത്യയുടെ തെക്കൻ തീരങ്ങളിൽ എത്തുകയും ചെയ്യും. ഈ തിരകൾ പ്രത്യേകിച്ച് ലക്ഷണങ്ങൾ ഉണ്ടാവാതെ പെട്ടന്ന് തന്നെ ഉണ്ടാവുകയാണ് പതിവ്. ലക്ഷണങ്ങൾ കാണിക്കാതെ തിരകൾ പെട്ടന്ന് വരുന്നതുകൊണ്ടാണ് ഇവയെ 'കള്ളക്കടൽ' എന്ന് വിളിക്കുന്നത്. ഈ തിരകൾ മൂലം തീരപ്രദേശങ്ങളിൽ കടൽ ഉൾവലിയാനും കയറാനും കാരണമാവുന്നു. കള്ളക്കടൽ സംബന്ധിച്ച കൂടുതൽ വിവരങ്ങളും ००० . ശിരീശ. ഴീ. ശി/ൂീൃമേഹ/ീളെ/ീളെ. ഷു വെബസൈറ്റിൽ ലഭ്യമാണ്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് വരും ദിവസങ്ങളിലും ജാഗ്രത തുടരണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം, കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം.

മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കുക.

## റിയാസ് മൗലവി വധക്കേസ്: അപ്പീലിന് അനുമതി നൽകി സർക്കാർ

തിരുവനന്തപുരം: കാസർഗോട്ടെ റിയാസ് മൗലവി വധക്കേസിലെ പ്രതികളെ വെറുതെ വിട്ട വിധിക്കെതിരെ അപ്പീൽ നൽകാൻ സർക്കാർ അനുമതി നൽകി. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി.

കാസർഗോഡ് കേളുഗുഡെ സ്വദേശികളായ അജേഷ് എന്ന അപ്പു (27), നിതിൻകുമാർ എന്ന നിതിൻ (26), കേളുഗുഡെ ഗംഗെ നഗറിലെ അഖിലേഷ് എന്ന അഖിലു (32) എന്നിവരെ വിട്ടയച്ച കാസർഗോഡ് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി വിധിക്കെതിരെയാണു സർക്കാർ അപ്പീൽ നൽകുക. നേരത്തേ വിധിക്കെതിരേ തുടർനടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനെ മുഖ്യമന്ത്രി ചുമതലപ്പെടുത്തിയിരുന്നു. കേസിൽ അന്വേഷണ സംഘത്തിനും പ്രോസിക്യൂഷനും വൻ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കോടതിയടക്കം വിമർശിച്ചിരുന്നു. പ്രതികൾക്ക് ആർഎസ്എസ് ബന്ധമുണ്ടെന്ന് തെളിയിക്കാൻ പ്രോസിക്യൂഷനായില്ല. നിലവാരമില്ലാത്തതും ഏകപക്ഷീയവുമായ അന്വേഷണമാണ് നടന്നത്. മരണത്തിന് മുമ്പ് റിയാസ് മൗലവി ഇടപഴകിയവരെ കണ്ടെത്താനുള്ള അവസരം പോലീസ് നഷ്ടമാക്കിയെന്നും കോടതി വിമർശിച്ചിരുന്നു. 2017 മാർച്ച് 20നാണ് റിയാസ് മൗലവി കൊല്ലപ്പെട്ടത്.




# വെള്ളായണി കായലിൽ മാലിന്യങ്ങൾ വർധിക്കുന്നതായി പരാതി

നേമം: മാലിന്യങ്ങൾ പെരുകി നാശത്തിൻറെ വക്കിലായ വെള്ളായണി കായലിനെ സംരക്ഷിക്കാൻ നടപടിയില്ലെന്ന് ആക്ഷേപം. സംരക്ഷണ പദ്ധതികൾ കടലാസിൽ ഒതുങ്ങുന്നു. കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങിലൊന്നായ വെള്ളായണി കായലിൻറെ സംരക്ഷണത്തിന് നിരവധി പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടെങ്കിലും ഒന്നും നടപ്പിലായിട്ടില്ല.

കുളവാഴ നിറയുന്നതു കുളവാഴ ഉൾപ്പടെയുള്ള സസ്യങ്ങൾ കായലിനെ മൂടികൊണ്ടിരിക്കുകയാണ്.

ഇത്തരം സസ്യങ്ങൾ കായലിൻറെ താഴെതട്ടിൽ സൂര്യപ്രകാശം എത്തിക്കുന്നതിന് തടസമാവുകയും വെള്ളം മലിനപ്പെടുകയും ചെയ്യുന്നു. വെള്ളത്തിൻറെ മലിനീകരണവും മീനുകൾ ചത്തൊടുങ്ങുന്നതിനും കാരണമാകുന്നതായി നാട്ടുകാർ പറയുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങളും കായലിൽ അടിയുന്നുണ്ട്.

കാരണം വെള്ളത്തിൽ ഓക്സിജൻറെ അളവ് കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. നിരവധി കുടിവെള്ള പദ്ധതികൾ ആശ്രയിക്കുന്നത് വെള്ളായണി കായലിനെയാണ്. അതുകൊണ്ടുതന്നെ വെള്ളം മലിനപ്പെടുന്നുവെന്നത് ആശങ്കയുളവാക്കുന്നതാണ്. സർവേ ഓഫ് ഇന്ത്യയുടെ കണക്കിൻ പ്രകാരം എഴുന്നൂറ്റി അൻപത് ഹെക്ടർ വിസ്തൃതി ഉണ്ടായിരുന്ന കായൽ പകുതിയോളം കുറഞ്ഞതായാണ് കണക്ക്.

വെള്ളം തടയണയായി നിർത്തേണ്ട റിസർവയറിൻറെ ഭൂരിഭാഗവും കുളവാഴ കൊണ്ട് നിറഞ്ഞു.

ഒരു ജലക്ഷാമമുണ്ടായാൽ ജില്ലയ്ക്ക് തന്നെ ആവശ്യമായ കുടിവെള്ളം നൽകാൻ പ്രാപ്തിയുള്ള ജലസ്രോതസാണ് നശിച്ചുകൊണ്ടിരിക്കുന്നത്. കായലിൻറെ ആഴം കൂട്ടി വെള്ളം നിലനിർത്താനും നടപടിയില്ല. കായലിലെ മാലിന്യപ്രശ്നം കാരണം നാടൻ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞുവരുന്നു.



*കഴിഞ്ഞ മാസം ടെക്നോപാർക്കിൽ നാസ്കോം ഫയ: 80 സംഘടിപ്പിച്ച ഓപ്പൺ ടെക് സെമിനാറിൻറെ 113ാം പതിപ്പിൽ പങ്കെടുത്തവർ*

# എൻഎസ്എസ് പത്മ കഫെ ഇനി സ്റ്റാച്യുവിൽ

തിരുവനന്തപുരം: സസ്യഭക്ഷണ രംഗത്ത് മലയാളി രുചികളുമായി എൻഎസ്എസിൻറെ പത്മ കഫെ സ്റ്റാച്യുവിൽ വ്യാഴാഴ്ച രാവിലെ 11ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡൻറ് എം. സംഗീത് കുമാർ, താലൂക്ക് യൂണിയൻ വൈസ് പ്രസിഡൻറ് എം. കാർത്തികേയൻ നായർ, യൂണിയൻ സെക്രട്ടറി വിജൂ വി. നായർ, വനിതാ യൂണിയൻ പ്രസിഡൻറ് എം. ഈശ്വരി അമ്മ തുടങ്ങിയവർ പങ്കെടുക്കും.

സെക്രട്ടേറിയേറ്റിനു തെക്ക് വശം മന്നത്ത് പദ്മനാഭൻ വീഥിയിൽ പഴയ ട്രിവാൻഡ്രം ഹോട്ടലാണ് പത്മ കഫെയായി പ്രവർത്തിക്കുന്നത്. സ്ത്രീകൾക് സുസ്ഥിര വരുമാനം ലക്ഷ്യമിട്ട് കേരളത്തിലുടനീളം ആരംഭിക്കുന്ന വെജിറ്റേറിയൻ ഹോട്ടൽ ശൃംഖലയാണ് പത്മ കഫെ. അടൂർ, കൊട്ടാരക്കര, പത്തനംതിട്ട, ചങ്ങനാ ശേരി, ചേർത്തല, ആലുവ താലൂക്ക് എൻഎസ്എസ് കരയോഗ യൂണിയനുകളുടെ നേതൃത്വത്തിൽ ആറു കഫെകളാണ് ഇപ്പോൾ പ്രവർത്തിച്ച് വരുന്നത്.ട്രിവാൻഡ്രം ഹോട്ടൽ പ്രവർത്തിച്ചിരുന്ന മൂന്നുനില കെട്ടിടത്തിൽ പുതുതായി തുടങ്ങുന്ന കഫെ പൂർണമായും ശീതികരിച്ചതാണ്. കഴിഞ്ഞ ദിവസം പാലുകാച്ചൽ ചടങ്ങുകളും ആഹാര വിതരണത്തിൻറെ ട്രെയലും നടന്നു. രാവിലെ ആറു മുതൽ രാത്രി പതിന്നൊന്ന് വരെയാണ് പ്രവർത്തന സമയം. താഴത്തെ നിലയിൽ 200 പേർക്ക് ഒരേ സമയം ആഹാരം കഴിക്കാം. രണ്ടാമത്തെ നിലയിൽ പ്രത്യേക ബോർഡ് റൂമിൽ 30 പേർക്ക് ഇരിക്കാൻ കഴിയുന്ന സജീകരണത്തിന് പുറമെ നൂറു പേർക്ക് ഇരിക്കാവുന്ന ഹാളുമുണ്ട്. ഇവിടെയും ഗ്രൂപ്പായി ബുക്ക് ചെയ്യുന്നവർക്ക് ആഹാരം ലഭിക്കും. മൂന്നാം നിലയിൽ 150 പേർക്ക് ഇരിക്കാവുന്ന ശീതികരിച്ച ഹാളാണുള്ളത്.

വിവാഹ നിശ്ചയ ചടങ്ങുകൾക്കും സാംസ്കാരി സമ്മേളനങ്ങൾക്കും സൗകര്യമുണ്ട്. ഇത് കൂടാതെ താഴെ നിലയിൽ 25 പേർക്ക് വീതം ഇരിക്കാവു ഫാമിലി റൂം, ജൂസ് ഷോപ്പ്, 30 സീറ്റുകളുള്ള കോഫി ഷോപ്പ് എന്നിവയും പ്രവർത്തിക്കും. 120ൽ പരം ജീവനക്കാരിൽ നൂറോളം പേർ സ്ത്രീകളാണ്.

# എഐ കോപൈലറ്റ് സെമിനാർ ടെക്നോപാർക്കിൽ ഇന്ന്

തിരുവനന്തപുരം: സോഫ്റ്റ് വെയർ കോഡിംഗിൽ നിർമ്മിതബുദ്ധിയുടെ (എഐ) സാധ്യതകൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ടെക്നോപാർക്ക് വേദിയാകുന്നു.

ടെക്നോപാർക്കിലെ നോളജ് കമ്മ്യൂണിറ്റിയായ നാസ്കോം ഫയ: 80 ബുധനാഴ്ച (ഏപ്രിൽ 3) ന് സംഘടിപ്പിക്കുന്ന ഓപ്പൺ ടെക് സെമിനാറിൻറെ ഭാഗമായാണ് എഐ സംബന്ധിച്ച ചർച്ചകൾ നടക്കുക.

എഐ കോപൈലറ്റ് വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു സെമിനാർ സംഘടിപ്പിക്കുന്നത്. കോഡിംഗിൽ എഐ യുടെ സ്വാധീനത്തെക്കുറിച്ച് സെമിനാറിൽ ചർച്ച ചെയ്യും. വൈകുന്നേരം അഞ്ചിന് ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിംഗിലെ ഫയ ഫ്ളോർ ഓഫ് മാഡ്നസിൽ 'എഐ കോപൈലറ്റുകൾ: നാവിഗേറ്റിംഗ് ദ ഫ്യൂച്ചർ ഓഫ് കോഡിങ്ങ് വിത്ത് എക്സലൻസ്' എന്ന വിഷയത്തിലാണ് സെമിനാർ.

എഐ ഉപയോഗിച്ച് കോഡിംഗിൽ പ്രാഗത്ഭ്യം നേടാൻ സഹായകമാകുന്ന സെമിനാറിന് ലാമിനൽ ആൻറ് സ്റ്റിഷൻ എഐ സ്ഥാപകൻ മുഫീദ് വി.എച്ച്, സഹസ്ഥാപകൻ വിവേക് .ആർ എന്നിവർ നേതൃത്വം നല്കും. ഡെവിൻ എഐയുടെ ഇന്ത്യയിൽ നിന്നുള്ള ഓപ്പൺ സോഴ്സ് വേർഷനായ ദേവിക എഐയുടെ സ്രഷ്ടാക്കൾ കൂടിയാണിവർ.

നാസ്കോം ഫയ: 80 സംഘടിപ്പിക്കുന്ന ഓപ്പൺ ടെക് സെമിനാറിൻറെ 114ാം പതിപ്പാണിത്.

# കോൺഗ്രസിൽ വീണ്ടും കൊഴിഞ്ഞുപോക്ക്; എഐസിസി അംഗം തങ്കമണി ദിവാകരൻ ബിജെപിയിലേക്ക്

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കേ തിരുവനന്തപുരത്തെ ഒരു കോൺഗ്രസ് നേതാവ് കൂടി ബിജെപിയിലേക്ക്.

എഐസിസി അംഗവും മഹിളാ കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയംഗവുമായ തങ്കമണി ദിവാകരനാണ് പാർട്ടി വിടുന്നത്.

പാർട്ടിയിൽ നിന്ന് കടുത്ത അവഗണന നേരിട്ടതിനേത്തുടർന്നാണ് കോൺഗ്രസ് വിടാൻ തീരുമാനിച്ചതെന്നാണ് തങ്കമണി ദിവാകരൻ പ്രതികരിച്ചത്. 27ാം വയസ് മുതൽ താൻ കോൺഗ്രസിൻറെ സജീവ പ്രവർത്തകയാണ്. സ്ത്രീകളെ ബഹുമാനിക്കാൻ കോൺഗ്രസ് വിമുഖത കാണിക്കുകയാണെന്നും പല സ്ത്രീകളും ഇന്ന് കോൺഗ്രസിൽ അവഗണിക്കപ്പെടുകയാണെന്നും അവർ കൂട്ടിച്ചേർത്തു.

എന്നാൽ പാർട്ടി പ്രവർത്തനത്തിൽ നിന്ന് മാറിനില്ക്കുകയാണ് തങ്കമണി ദിവാകരനെന്നാണ് കോൺഗ്രസ് നേതൃത്വത്തിൻറെ വിശദീകരണം.

സംവിധായകൻ ലെനിൻ രാജേന്ദ്രൻറെ സഹോദരി കൂടിയായ തങ്കമണി ദിവാകരൻ 2011 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ആറ്റിങ്ങലിൽ യുഡിഎഫ് സ്ഥാനാർഥിയായി മത്സരിച്ചെങ്കിലും സിപിഎമ്മിലെ ബി. സത്യനോട് പരാജയം ഏറ്റുവാങ്ങുകയാണുണ്ടായത്.

# കള്ളക്കടൽ പ്രതിഭാസം: താഴ്ന്ന സ്ഥലങ്ങളിലെ വെള്ളം ഒഴുക്കാനുള്ള ശ്രമം തുടരുന്നു

വിഴിഞ്ഞം: കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് അപ്രതീക്ഷിതമായി കലി തുള്ളിയ കടലിനു നേരിയ ശാന്തത. വെള്ളം കയറി മുങ്ങിയ തീരദേശത്തെ താഴ്ന്ന പ്രദേശങ്ങളിൽനിന്നു വെള്ളം ഒഴുക്കിവിടാനുള്ള ശ്രമവുമായി അധികൃതർ.

എംപിയും എംഎൽഎയും ജനപ്രതിനിധികളും സ്ഥലത്തെത്തി സ്ഥിതി വിലയിരുത്തി. കുളത്തൂർ, കരിംകുളം പഞ്ചായത്തുകളിൽ ഓരോ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തനമാരംഭിച്ചു. കുളത്തൂരിൽ പൊഴിയൂർ ഗവ: എൽപി സ്കൂളിൽ പതിനാല് കുടുംബങ്ങളും കരിംകുളത്ത് പുല്ലുവിള ലിയേ തെർട്ടിന്ത് സ്കൂളിൽ പതിനാല് കുടുംബങ്ങളും കഴിയുന്നുണ്ട്. കുറച്ച് പേർ ബന്ധുവീടുകളിലേക്ക് മാറി താമസിച്ചു.

കടൽ ക്ഷോഭം ഏറ്റവും കൂടുതൽ ബാധിച്ച കരിംകുളം, പുല്ലുവിള, അടിമലത്തുറ മേഖലയിൽ ജെസിബിയുടെ സഹായത്തോടെ വെള്ളമൊഴുക്കി വിട്ടു തുടങ്ങി. രൂക്ഷമായി ബാധിച്ച പുല്ലുവിളയിൽ മാത്രം അഞ്ച് ജെസിബികൾക്ക് മണിക്കൂറോളം പണിയെടുക്കേണ്ടിവന്നു. എംപിയും തിരുവനന്തപുരം ലോക്സഭാ മണ്ഡലം സ്ഥാനാർഥിയുമായ ഡോ. ശശി തരൂർ, അഡ്വ. എം. വിൻസൻറ് എംഎൻഎ, കരിംകുളം പഞ്ചായത്ത് പ്രസിഡൻറ് ഫ്രീഡ സൈമൺ ഉൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിച്ചു. വെള്ളക്കെട്ടുമൂലമുണ്ടായ ബുദ്ധിമുട്ടുകളേയും നഷ്ടങ്ങളേയുംകുറിച്ചു പള്ളി വികാരിമാർ എംപിയുമായും ജനപ്രതിനിധികളുമായും ചർച്ച നടത്തി.

കടൽ ശാന്തമായതോടെ പൂവാർ തീരത്തെ വെള്ളം ഇന്നലെ രാവിലെ തന്നെ കടലിലേക്ക് ഒഴുകിപ്പോയത് ജനത്തിന് ആശ്വാസമായി. ഇവിടെ ഞായറാഴ്ച നൂറോളം വീടുകളിൽ വെള്ളം കയറിയിരുന്നു. ദുരിത ബാധിതരെ മാറ്റിപ്പാർപ്പിക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കി കാത്തിരുന്നെങ്കിലും കടൽ ശാന്തമായത് അധികൃതർക്കും അനുഗ്രഹമായി.പോലീസും റവന്യൂ അധികൃതരും ഫയർഫോഴ്സും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും സംയുക്തമായാണ് വെള്ളക്കെട്ട് ഒഴിവാക്കാൻ രംഗത്തിറങ്ങിയത്. കോവളം അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രത്തിലെ സഞ്ചാരികൾക്കുള്ള നിയന്ത്രണം ഇന്നലെയും തുടർന്നു. അവധിയായതിനാൽ വിവിധയിടങ്ങളിൽ നിന്നായി നൂറുകണക്കിനു സഞ്ചാരികൾ എത്തിയെങ്കിലും ആരെയും ബീച്ചിൽ ഇറക്കിയില്ല.

# സ്വർണവില സർവകാല റിക്കാർഡിൽ

തിരുവനന്തപുരം: സർവകാല റിക്കാർഡിൽ കുതിച്ചു പാഞ്ഞ സ്വർണവിലയ്ക്ക് സഡൻബ്രേക്ക്. പവന് 200 രൂപയും ഗ്രാമിന് 25 രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഒരു പവന് 50, 680 രൂപയിലും ഗ്രാമിന് 6,335 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന് 20 രൂപ കുറഞ്ഞ് 5,295 രൂപയും പവന് 160 രൂപ കുറഞ്ഞ് 42,360 രൂപയുമായി.

തിങ്കളാഴ്ച 50, 880 രൂപയായി ഉയർന്ന് സ്വർണവില പുതിയ ഉയരം കുറിച്ചിരുന്നു. മാർച്ച് ഒന്നിന് പവന് 46,320 രൂപയായിരുന്നു വില. മാർച്ച് 29 ആയപ്പോഴേക്കും 50, 400 രൂപയിലെത്തി. വീണ്ടും ഉയരുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിലാണ് ഇന്ന് 200 രൂപ കുറഞ്ഞത്. മാർച്ചിൽ മാത്രം സ്വർണവില 4,000 രൂപയിലധികമാണ് വർധിച്ചത്. അതേസമയം, സംസ്ഥാനത്ത് വെള്ളിവിലയിൽ നേരിയ വർധനയുണ്ട്. ഒരു ഗ്രാം സാധാരണ വെള്ളിയുടെ വില 81.60 രൂപയാണ്. ഒരുഗ്രാം ഹാൾമാർക്ക് വെള്ളിക്ക് 103 രൂപയാണ് നിരക്ക്. എട്ടു ഗ്രാം വെള്ളിയുടെ വില 652.80 രൂപയാണ്.

ആഗോളവിപണിയിൽ സ്വർണവില കൂടുന്നതും കൂടുതൽപേർ സ്വർണത്തെ ഒരു സുരക്ഷിത നിക്ഷേപം എന്ന നിലയിൽ കാണുന്നതുമാണ് വിലയിൽ പ്രതിഫലിക്കുന്നത്.

# സ്റ്റാച്യുജനറൽ ആശുപത്രി റോഡ് സ്മാർട്ടായി

തിരുവനന്തപുരം: ഏറെക്കാലമായി നിർമാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന സ്റ്റാച്യുജനറൽ ആശുപത്രി റോഡ് യാത്രക്കാർക്കായി തുറന്നു കൊടുത്തു. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി തലസ്ഥാനത്തെ പ്രധാന റോഡുകളിൽ നിർമാണ പ്രവർത്തനങ്ങൾ നടക്കുകയായിരുന്നു.

സ്റ്റാച്യുജനറൽ ആശുപത്രി റോഡിൻറെ നിർമാണ പ്രവർത്തനങ്ങൾ മാസങ്ങളോളം നീണ്ടു നിന്നതിനാൽ ഇതിലൂടെ വാഹനങ്ങൾക്കോ, കാൽനട യാത്രികർക്കോ സുഖമായി സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നു. റോഡിൻറെ ആദ്യഘട്ട ടാറിംഗ് പൂർത്തിയായത് കഴിഞ്ഞ ദിവസമായിരുന്നു. തലസ്ഥാനത്ത് ഗതാഗത യോഗ്യമാക്കിയ അഞ്ചാമത്തെ സ്മാർട്ട് റോഡാണിത്. ഇന്നലെ രാവിലെ ആവശ്യമായ പരിശോധനകൾ നടത്തിയശേഷം റോഡ് യാത്രക്കാർക്കായി തുറന്നു കൊടുത്തു.

ജനറൽ ആശുപത്രിയിലേക്കു നഗരത്തിൽ നിന്നും വേഗത്തിൽ എത്താൻ സാധിക്കുന്ന റോഡാണിത്. പ്രദേശത്തെ വ്യാപാരികളും റോഡിൻറെ നിർമാണം പൂർത്തിയായതിൽ സന്തോഷത്തിലാണ്.

ബാക്കിനിൽക്കുന്ന അറ്റകുറ്റ പ്രവർത്തനങ്ങളും, രണ്ടാംഘട്ട ടാറിംഗും ഉടനെ പൂർത്തിയാക്കുമെന്നും അധികൃതർ അറിയിച്ചു.

# ആലാംകടവ് നിലന്പതിയിലെ താത്കാലികപാലവും അടച്ചു

ചിറ്റൂർ: ആലാംകടവിൽ താത്കാലിക നിലമ്പതിയിലൂടെ വാഹന സഞ്ചാരം നാലുവരെ നിർത്തിവച്ചു. നറണി നിലമ്പതിപ്പാലം പൊളിച്ച് മേൽപ്പാലം പണിയുന്നതിൻറെ ഭാഗമായയാണ് സമീപത്തായി താത്കാലിക പാലമുണ്ടാക്കിയിരുന്നത്.

കാർ, ഇരുചക്ര വാഹനങ്ങളുടെ സൗകര്യാർഥമായിരുന്നുവിത്. ചരക്കുവാഹനങ്ങൾക്കു നേരത്തെ പൂർണമായും ഗതാഗത നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ രാത്രിസമയങ്ങളിൽ ഭാരവാഹനങ്ങൾ സഞ്ചരിച്ചതിനാൽ താത്കാലിക പാതയിൽ വൻ കുഴികൾ രൂപപ്പെടുകയും റോഡ് തകരുകയും ചെയ്തു.

ഇതിനെ തുടർന്നാണ് താത്കാലികപാത വീണ്ടും ബലപ്പെടുത്താൻ അറ്റകുറ്റപ്പണികൾക്കായി അടച്ചിടുന്നത്. വെള്ളിയാഴ്ചയ്ക്കകം പണി പൂർത്തിയാക്കി ചെറുവാഹനങ്ങൾക്കു സൗകര്യമൊരുക്കാനാണ് ദ്രുതഗതിയിൽ പണികൾ പുരോഗമിക്കുന്നത്.

# ഒരുദിവസംകൂടി വെള്ളം മുടങ്ങും

പേരൂർക്കട: മുട്ടട ജംഗ്ഷനു സമീപം ചോർച്ച കണ്ടെത്തിയ 900 എം.എം പ്രിമോ പൈപ്പിൻറെ അറ്റകുറ്റപ്പണി തുടരുന്നു. ഒരാഴ്ചമുമ്പ് ആരംഭിച്ച പണികൾ പൂർത്തീകരിച്ചെങ്കിലും വാഹനങ്ങൾ പോകാൻ തുടങ്ങിയതോടെ പൈപ്പിൽ വീണ്ടും ചോർച്ചയുണ്ടാകുകയായിരുന്നു.

ജെസിബി ഉപയോഗിച്ച് റോഡ് കുഴിച്ചാണ് ഇന്നലെ രാവിലെ പണി തുടങ്ങിയത്. തിങ്കളാഴ്ച വൈകുന്നേരത്തോടെ 90 ശതമാനം പ ണികളും പൂർത്തീകരിച്ചെങ്കിലും വാൽവ് വളരെ കുറച്ചുമാത്രമേ തുറക്കുകയുള്ളൂ. വീണ്ടും ചോർച്ചയുണ്ടോയെന്നു കണ്ടെത്തുന്നതിനാണ് ഇത്. തിമൂലം ഉയർന്ന പ്രദേശങ്ങളിൽ ഒരുദിവസംകൂടി ജലവിതരണം മുടങ്ങുമെന്നു വാട്ടർഅഥോറിറ്റി വ്യക്തമാക്കി.

പരുത്തിപ്പാറ മുതൽ മൺവിളവരെയുള്ള പ്രദേശങ്ങളിലാണ് ഇപ്പോൾ ജലം ലഭിക്കാത്തത്. കാലപ്പഴക്കം ചെന്ന പ്രിമോ പൈപ്പ് പൂർണമായി മാറ്റാതെ പൈപ്പ് പൊട്ടലിനു ശാശ്വതപരിഹാരം കാണാൻ സാധിക്കില്ല.

തട്ടിനകത്തും ചോർച്ച

പേരൂർക്കട: മുട്ടടയിലൂടെ കടന്നുപോകുന്ന പ്രിമോ പൈപ്പിൻറെ നാലാഞ്ചിറ തട്ടിനകം ഭാഗത്തും ജലചോർച്ച കണ്ടെത്തി. ഇവിടം അത്യാവശ്യഘട്ടം വന്നാൽ മാത്രമേ അറ്റകുറ്റപ്പണി ഉണ്ടാകൂവെന്ന് പോങ്ങുംമൂട് സെക്ഷൻ അറിയിച്ചു.

മുട്ടടയിൽ ആദ്യ അറ്റകുറ്റപ്പണിക്കുശേഷം വാൽവ് തുറന്നതോടെയാണ് തട്ടിനകത്തെ പൈപ്പിൽ ചോർച്ച കണ്ടെത്തിയത്. ഈ ഭാഗത്ത് കാര്യമായ ചോർച്ചയില്ലെങ്കിൽ മറ്റൊരുദിവസം അറ്റകുറ്റപ്പണി നടത്താനാണ് വാട്ടർഅഥോറിറ്റിയുടെ തീരുമാനം. മുട്ടടയിൽ രണ്ടാംവട്ടവും ചോർച്ചയുണ്ടായ 900 എം.എം പ്രിമോ പൈപ്പിൻറെ അറ്റകുറ്റപ്പണി പുരോഗമിക്കുന്നു.

# കോളജ് വിദ്യാർഥിയെ കാട്ടു പന്നിക്കൂട്ടം ആക്രമിച്ചു

തിരുവനന്തപുരം: പാർട്ട് ടൈം ജോലി ചെയ്ത് വീട്ടിലേക്ക് മടങ്ങുംവഴി കോളജ് വിദ്യാർഥിയെ കാട്ടു പന്നിക്കൂട്ടം ആക്രമിച്ചു. ഗുരുതര പരിക്കേറ്റ ആര്യനാട് ഇറവൂർ ജയശ്രീ ഹൗസൽ ജി.എസ്. ഗോകുലി (22)നെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെൻറിലേറ്ററിൽ ചികിത്സയിലുള്ള ഗോകുലിൻറെ ആരോഗ്യനില മാറ്റമില്ലാതെ തുടരുകയാണെന്ന് ബന്ധുക്കൾ അറിയിച്ചു.

കഴിഞ്ഞ ഞായറാഴ്ച പുലർച്ചെ രണ്ടോടെയായിരുന്നു സംഭവം. ജോലി ചെയ്തിരുന്ന സ്പോർട്സ് ടർഫിൽനിന്നും ഒന്നര കിലോമീറ്റർ മാത്രം അകലെയുള്ള വീട്ടിലേക്ക് മടങ്ങുന്പോഴായിരുന്നു കൂട്ടമായെത്തിയ പന്നികൾ ഗോകുലിനെ ആക്രമിച്ചത്. ആക്രമണത്തിൽ ഗോകുലിൻറെ തലയ്ക്ക് സാരമായി പരിക്കേറ്റു. വലത് കൈയിലും കാലിലും ആഴത്തിൽ മുറിവുണ്ട്. ചെവിയിലൂടെ ചോരയൊലിക്കുന്ന നിലയിൽ കിടന്നിരുന്ന ഗോകുലിനെ, ബഹളംകേട്ട് ഓടിയെത്തിയ നാട്ടുകാരും വീട്ടുകാരും ചേർന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രയിൽ എത്തിച്ചത്.

തുടർന്ന് നഗരത്തിലെ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റുകയായിരുന്നു. ഉറിയക്കോട് വിശ്വദീപ്തി കോളജിൽ ടിടിസി ഒന്നാം വർഷ വിദ്യാർഥിയാണ് ഗോകുൽ. പഠനത്തോടൊപ്പം കുടുംബത്തെ സഹായിക്കാനാണ് ആര്യനാട് പുളിമൂട്ടിലുള്ള സ്വകാര്യ സ്പോർട്സ് ക്ലബിൽ വൈകുന്നേരങ്ങളിൽ മാനേജരായി ഗോകുൽ ജോലി ചെയ്തിരുന്നത്. ഈസ്റ്റർ അവധി പ്രമാണിച്ച് ശനി, ഞായർ ദിവസങ്ങളിൽ ടർഫിൽ തിരക്ക് കൂടുതലായിരുന്നു.

ഞായറാഴ്ച വെളുപ്പിന് എല്ലാവരും പോയി കഴിഞ്ഞശേഷം തൻറെ ജോലി പൂർത്തിയാക്കി സ്കൂട്ടറിൽ മടങ്ങുന്നതിനിടയിലാണ് പന്നിക്കൂട്ടത്തിൻറെ ആക്രമണമുണ്ടായത്. പ്രദേശത്ത് പന്നിയുടെ ശല്യം രൂക്ഷമാണെന്നും കാർഷിക വിളകൾ പൂർണമായി നശിപ്പിക്കുന്ന സാഹചര്യമാണുള്ളതെന്നും നാട്ടുകാർ പറഞ്ഞു.

ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പിന് പരാതികൾ നൽകിയിട്ടും നടപടിയുണ്ടായിട്ടില്ലെന്നും നാട്ടുകാർ പറയുന്നു. അച്ഛൻ എസ്. ഗോപകുമാർ, അമ്മ ശ്രീകല, അനുജൻ സ്കൂൾ വിദ്യാർഥിയായ അഭി എന്നിവരടങ്ങുന്നതാണ് ഗോകുലിൻറെ കുടുംബം.

# കൊടുംചൂടിൽ ആശ്വാസമായി വേനൽമഴയെത്തുന്നു; ഒമ്പതു ജില്ലകളിൽ മഴ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് പൊള്ളുന്ന ചൂടിൽ ആശ്വാസമായി വീണ്ടും വേനൽമഴയെത്തുന്നു. അടുത്ത അഞ്ചുദിവസത്തേക്കുള്ള മഴ മുന്നറിയിപ്പാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചത്. ഇന്ന് ഒമ്പതു ജില്ലകളിലാണ് മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിലാണ് നേരിയ മഴയ്ക്ക് സാധ്യതയുള്ളത്.

ബുധനാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലും വ്യാഴാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ട്.

അതേസമയം, കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്ത് ഇന്നു രാത്രിവരെ കടലാക്രമണത്തിനും ഉയ!ർന്ന തിരമാലകൾ രൂപംകൊള്ളാനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

# അൽ ഷിഫയിൽ കൊല്ലപ്പെട്ടത് 400 ലധികം പലസ്തീനികൾ, വെടിനിർത്തൽ ചർച്ച പുനരാരംഭിച്ചു

ഗാസ സിറ്റി: ഇസ്രയേൽ നിയന്ത്രണത്തിലുള്ള ഗാസയിലെ അൽ ഷിഫ ആശുപത്രിയിൽ കഴിഞ്ഞ 13 ദിവസത്തിനിടെ കൊല്ലപ്പെട്ടത് 400 പലസ്തീനികൾ. ഭീകരപ്രവർത്തനം തടയാനാണെന്ന പേരിൽ ഇസ്രയേൽ പ്രതിരോധ സേന ആശുപത്രിക്കുള്ളിൽ നടത്തിയ റെയ്ഡിനിടെ ക്രൂരമായ ആക്രമണമാണ് പലസ്തീകൾക്ക് നേരെ നടത്തിയത്. കൊല്ലപ്പെട്ടവരിൽ രോഗികളും യുദ്ധത്തിൽ കുടിയിറക്കപ്പെട്ടവരും മെഡിക്കൽ സ്റ്റാഫുകളും ഉൾപ്പെടുന്നു. റെയ്ഡിനിടെ നൂറിലധികം ആളുകളെ ഇസ്രയേൽ അറസ്റ്റ് ചെയ്തു. ഇവരെ രഹസ്യകേന്ദ്രങ്ങളിലേക്ക് മാറ്റിയെന്നാണ് റിപ്പോർട്ട്.

ഹമാസ് കേന്ദ്രങ്ങളാണെന്ന് ആരോപിച്ചാണ് ഇസ്രയേൽ സൈന്യം ആശുപത്രികളെ ലക്ഷ്യം വയ്ക്കുന്നത്. നിലവിൽ ഗാസയിൽ പ്രവർത്തനക്ഷമമായ 10 ആശുപത്രികൾ മാത്രമേ ബാക്കിയുള്ളു. യുദ്ധത്തിനുമുമ്പ് ഗാസയിൽ 36 ആശുപത്രികളാണ് പ്രവർത്തിച്ചിരുന്നത്. 9000 രോഗികളെ അടിയന്തര ചികിത്സയ്ക്കായി വിദേശത്തേക്ക് മാറ്റേണ്ടതുണ്ടെന്ന് ലോകാരോഗ്യ സംഘടന വ്യക്തമാക്കുന്നു. മാർച്ച് 18ന് ആയുധധാരികളായ ഇസ്രയേൽ സൈന്യം ടാങ്കുകളും ഡ്രോണുകളുമായി അൽ ഷിഫയിലേക്ക് ഇരച്ചുകയറുകയും കെട്ടിടത്തിനുള്ളിലുണ്ടായിരുന്ന ആളുകൾക്ക് നേരെ വെടിയുതിർക്കുകയും ചെയ്തിരുന്നു. ഗാസയിലെ ആരോഗ്യ കേന്ദ്രങ്ങളെ ലക്ഷ്യം വച്ച് അതിക്രമങ്ങൾ നടത്തരുതെന്ന ഐക്യരാഷ്ട്ര സഭയുടെ ആവശ്യം തള്ളിക്കൊണ്ടാണ് ഇസ്രയേൽ അൽ ഷിഫയിലെ സൈനിക നടപടി തുടരുന്നത്. അതിനിടെ, ഗാസയിൽ വെടിനിർത്തലിനായുള്ള ചർച്ചകൾ ഈജിപ്ഷ്യൻ തലസ്ഥാനമായ കെയ്റോയിൽ പുനരാരംഭിച്ചു. ഇസ്രയേൽ പ്രധാനമന്ത്രി മൊസാദ് മേധാവി ഡേവിഡ് ബാർണിയയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് പിന്നാലെയാണ് ചർച്ചകൾ ആരംഭിക്കാൻ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു അംഗീകാരം നൽകിയത്. ഇസ്രയേലിൽ തടവിലാക്കപ്പെട്ട പലസ്തീനികൾക്ക് പകരമായി ഹമാസ് ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള കരാറാണ് വെടിനിർത്തൽ ചർച്ചകളിലെ പ്രധാന വ്യവസ്ഥ.

# ദക്ഷിണാഫ്രിക്കയിൽ ബസ് മറിഞ്ഞ് 45 പേർ മരിച്ചു; ഒരാൾക്ക് ഗുരുതര പരിക്ക്

കേപ്ടൗൺ: ദക്ഷിണാഫ്രിക്കയിൽ ബസ് മറിഞ്ഞ് 45 പേർ മരിച്ചു. ഒരാൾക്ക് ഗുരുതര പരിക്കേറ്റു. ബോട്സ്വാനയിൽ നിന്ന് രാജ്യത്തിൻറെ വടക്ക് ഭാഗത്തുള്ള മോറിയയിലേക്ക് പോകുകയായിരുന്ന വാഹനം പാലത്തിൽ നിന്നും മലയിടുക്കിലേക്ക് മറിയുകയായിരുന്നുവെന്നാണ് വിവരം.

എട്ട് വയസുള്ള ഒരു കുട്ടി മാത്രമാണ് രക്ഷപ്പെട്ടത്. കുട്ടിയെ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡ്രൈവർക്കു ബസിൻറെ നിയന്ത്രണം നഷ്ടപ്പെട്ടതാണ് അപകടകാരണം.

പാലത്തിൽ നിന്നും താഴെ വീണ ബസ് കത്തിയിരുന്നു. ചില മൃതദേഹങ്ങൾ തിരിച്ചറിയാനാകാത്ത വിധം കത്തിനശിച്ചിരുന്നു. ബസിന് ബോട്സ്വാന ലൈസൻസ് ആണ് ഉള്ളത്. എന്നാൽ യാത്രക്കാർ ഏത് രാജ്യക്കാരാണെന്ന് പരിശോധിച്ചുവരികയാണെന്ന് പ്രാദേശിക അധികൃതർ പറഞ്ഞു.

ഗതാഗത മന്ത്രി സിന്ദിസിവെ ചിക്കുംഗ സംഭവസ്ഥലം സന്ദർശിച്ചു. അപകടത്തിൻറെ കാരണത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഏറ്റവും മികച്ച റോഡുകൾ ഉള്ളത് ദക്ഷിണാഫ്രിക്കയിലാണ്. എന്നാൽ റോഡ് സുരക്ഷയുടെ കാര്യത്തിൽ ഏറെ പിന്നിലാണ് ഈ രാജ്യം.

അപകടത്തിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ്, ഈസ്റ്റർ ആഴ്ചയിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കണമെന്ന് പ്രസിഡൻറ് സിറിൽ റമാഫോസ ദക്ഷിണാഫ്രിക്കക്കാരോട് അഭ്യർഥിച്ചിരുന്നു.

# ബിജെപിക്ക് തിരിച്ചടിയായി മുൻ എംഎൽഎ ഉൾപ്പെടെ നാലു നേതാക്കൾ കോൺഗ്രസിൽ ചേർന്നു

ഇംഫാൽ: ലോക്സഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ മണിപ്പുരിൽ ബിജെപിക്ക് തിരിച്ചടിയായി മുൻ എംഎൽഎ ഉൾപ്പെടെ നാലു നേതാക്കൾ കോൺഗ്രസിൽ ചേർന്നു. യായ്സ്കുൾ മുൻ എംഎൽഎ എലംഗ്ബം ചന്ദ് സിംഗ്, സഗോൽസെം അച്ചൗബ സിംഗ്, അഡ്വ. ഒയിനം ഹേമന്ത സിംഗ്, തൗദം ദേബദത്ത സിംഗ് എന്നിവരാണ് കോൺഗ്രസിൽ ചേർന്നത്. ചൊവ്വാഴ്ച രാവിലെ ഇംഫാലിലുള്ള കോൺഗ്രസ് ഭവനിൽ നടന്ന ചടങ്ങിൽ കോൺഗ്രസ് സ്ഥാനാർഥി ഡോ. അംഗോംച ബിമോൽ അകോയിജം പുതിയ അംഗങ്ങളെ പാർട്ടിയിലേക്ക് സ്വാഗതം ചെയ്തു.

സംസ്ഥാന നേതൃത്വത്തോടുള്ള അതൃപ്തി പ്രകടിപ്പിച്ചുകൊണ്ടും മണിപ്പുരിലെ നിലവിലെ സാഹചര്യത്തിൽ ബിജെപി ഇടപെടുന്നില്ല എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് നേതാക്കൾ പാർട്ടി വിട്ടത്.

തങ്ങളുടെ സ്വന്തം ഭൂമിയിലൂടെ സ്വതന്ത്രമായി സഞ്ചരിക്കുന്നതിന് നിയന്ത്രണമുള്ള സാഹചര്യം നിലനിൽക്കുന്നത് അനുവദിക്കാനാവില്ലെന്ന് അകോയ്ജാം പറഞ്ഞു. സമത്വത്തിന് വേണ്ടി നിലകൊണ്ടിട്ടുള്ള ചരിത്രമാണ് മണിപ്പൂരിൻറേത്. മണിപ്പൂരിൻറെ സ്വത്വം നിലനിർത്താനായി പണ്ടുമുതൽ നിരവധി സമരങ്ങൾ ഇവിടെ നടന്നിട്ടുണ്ട്.

എന്നാൽ, ഇന്ന് അതെല്ലാം തകർച്ചയുടെ വക്കിലാണ്. നാടിനെ നശിപ്പിക്കാൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെ ഓരോ മണിപ്പൂരുകാരനും ഒരുമിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 'താത്കാലിക കരാർ നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽനിന്ന് നിയമിക്കണം'

ആലുവ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താത്ക്കാലിക ഒഴിവുകളിൽ ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽനിന്നാവണമെന്ന സർക്കാർ നിർദേശം നടപ്പാക്കണമെന്നാവശ്യപ്പെട്ട് പരാതി. ആലുവ തായിക്കാട്ടുകര സ്വദേശി കെ.ടി. രാഹുൽ ആണ് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർക്ക് പരാതി നൽകിയിരിക്കുന്നത്.

കഴിഞ്ഞ വർഷം ഡിസംബർ 18നാണ് എൽഎസ്ജിഡി/പിഡി/52357/2023 ഡിഇ എഫ് 6 ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ താത്ക്കാലിക നിയമനത്തിന് നിർദേശം നൽകിയത്. അതുപ്രകാരം ഒരു പ്രത്യേക പദ്ധതിയുടേയോ സ്കീമിൻറേയോ ഭാഗമായി കരാർ, ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള എല്ലാ തസ്തികകളിലേയും നിയമനം അതാതു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്കളിൽ നിന്നാകണമെന്നാണ്.

ഇതിൽ ടെക്നിക്കൽ അസിസ്റ്റൻറ്, ഡ്രൈവർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവ് ഇറങ്ങിയിട്ടും പഞ്ചായത്ത് സെക്രട്ടറിമാർ നിയമനം നടത്താൻ തയാറായില്ല. ഈ വിഷയം ഓർമപ്പെടുത്തി കഴിഞ്ഞ ജനുവരി നാലിന് രാഹുൽ ജോയിൻറ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നു. നടപ്പു സാമ്പത്തിക വർഷം പിരിച്ചുവിട്ടാൽ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന മറുപടിയാണ് വകുപ്പിൽനിന്ന് അന്ന് ലഭിച്ചത്.

202324 സാമ്പത്തിക വർഷം കഴിഞ്ഞതിനാൽ ഏപ്രിൽ ഒന്നു മുതൽ മുതൽ ഉത്തരവ് നടപ്പാക്കണമെന്നാണ് ഇന്നലെ അയച്ച രണ്ടാമത്തെ പരാതിയിലെ ആവശ്യം. എംപ്ലോയ്മെൻറ് ഡയറക്ടർ 2023 മാർച്ച് 29 ന് ഇതേ ആവശ്യം ഉന്നയിച്ച് തദ്ദേശ വകുപ്പിന് കത്ത് അയച്ചിരുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് 2023 ഡിസംബർ 18 ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ താത്ക്കാലിക, കരാർ നിയമനങ്ങൾ എക്ചേഞ്ച് വഴിയാക്കണമെന്ന ഉത്തരവിട്ടത്.ഇതുപ്രകാരം അതാത് സ്ഥലങ്ങളിലെ എംപ്ലോയ്മെൻറ് എക്ചേഞ്ചുകൾ യോഗ്യരായ ഉദ്യോഗാർഥികളുടെ പട്ടിക തയാറാക്കി താത്ക്കാലിക ഒഴിവുകളിൽ നിയമനം നടത്തണം. എന്നാൽ നിർദേശം നടപ്പിലാക്കാൻ എല്ലാ പഞ്ചായത്തുകളും നഗരസഭകളും മടി കാണിക്കുന്നതായാണ് ആരോപണം.

# തഞ്ജലി കേസ്: നേരിട്ട് മാപ്പപേക്ഷിച്ച് ബാബാ രാംദേവ്; സത്യവാംങ്മൂലം തള്ളി സുപ്രീംകോടതി

ന്യൂഡൽഹി: ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ പരസ്യങ്ങൾ നൽകിയെന്ന കേസിൽ സുപ്രീം കോടതിയിൽ നേരിട്ട് ഹാജരായി മാപ്പ് പറഞ്ഞ് 'പതഞ്ജലി ആയുർവേദ' സഹസ്ഥാപകൻ ബാബ രാംദേവ്. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആചാര്യ ബാലകൃഷ്ണയ്ക്കൊപ്പമാണ് ബാബ രാംദേവ് സുപ്രീം കോടതിയിൽ ഹാജരായത്.

പരസ്യങ്ങൾ ആവർത്തിക്കില്ലെന്ന ഉറപ്പു ലംഘിച്ചതിനെതിരായ കോടതിയലക്ഷ്യക്കേസിലാണ് ഇരുവരും സത്യവാംങ്മൂലം നൽകിയത്. അതേസമയം, ഉപാധികളില്ലാതെ മാപ്പപേക്ഷിച്ച് ഇരുവരും നൽകിയ സത്യവാംങ്മൂലം അംഗീകരിക്കില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി.

കോടതിയലക്ഷ്യമാണെന്ന് കോടതിക്ക് തോന്നുകയാണെങ്കിൽ മാപ്പ് അപേക്ഷിക്കുന്നുവെന്നായിരുന്നു പതഞ്ജലി ഉടമകൾ കോടതിയിൽ പറഞ്ഞത്. ഹൃദയത്തിൽ നിന്നുള്ള ക്ഷമായാചനയല്ലെന്ന നിരീക്ഷണത്തോടെയാണ്, സത്യവാംങ്മൂലം സുപ്രീംകോടതി തള്ളിയത്.

കോടതിയെ അവഹേളിക്കുന്ന ഭാഷയാണ് ബാബ രാംദേവ് കോടതിയിൽ ഉപയോഗിച്ചതെന്ന് സുപ്രീം കോടതി നിരീക്ഷിക്കുകയും ശകാരിക്കുകയും ചെയ്തു. സത്യവാംങ്മൂലം അംഗീകരിക്കാത്ത സാഹചര്യത്തിൽ നേരിട്ട് ക്ഷമ ചോദിക്കാമെന്ന് ബാബാ രാംദേവിൻറെ അഭിഭാഷകൻ അറിയിച്ചു. എന്നാൽ രാംദേവിനെ പഠിപ്പിക്കാനില്ലെന്നും അടുത്ത തവണ കേസ് കേൾക്കുമ്പോൾ രണ്ടുപേരും വേണമെന്നില്ലെന്നും രോഷത്തോടെ കോടതി അറിയിച്ചു.

കേസ് ഏപ്രിൽ 10ന് വീണ്ടും പരിഗണിക്കും. അതിന് മുമ്പ് എല്ലാ മറുപടികളും സമർപ്പിക്കാൻ കോടതി നിർദേശിച്ചിട്ടുണ്ട്. 10ന് ഇരുവരും കോടതിയിൽ ഹാജരാകണം. ഉത്തരാഖണ്ഡ് സർക്കാരിനെയും കേസിൽ കക്ഷിയാക്കാൻ കോടതി നിർദേശിച്ചിട്ടുണ്ട്.

തെറ്റിദ്ധാരണ ജനിപ്പിക്കുംവിധത്തിൽ പരസ്യം നൽകിയെന്നാണ് പതഞ്ജലിക്കെതിരായ കേസ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനാണ് പരാതി ഉന്നയിച്ചത്. അലോപ്പതി അടക്കമുള്ള ആരോഗ്യ ശാഖകളെ കളിയാക്കുന്നുവെന്നും തെറ്റിദ്ധരിപ്പിച്ച് ഉൽപ്പന്നങ്ങൾ വിൽക്കുന്നുവെന്നുമായിരുന്നു പരാതി.

പരസ്യങ്ങൾ വിലക്കിയ ഉത്തരവിനു പിന്നാലെ, കോടതിയലക്ഷ്യ നടപടി സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കാൻ കോടതി ആവശ്യപ്പെട്ടിരുന്നു. ഇതിനു മറുപടി നൽകാതിരുന്നതാണു ജസ്റ്റീസുമാരായ ഹിമ കോഹ്ലി, എ. അമാനുള്ള എന്നിവരുടെ ബെഞ്ചിനെ ചൊടിപ്പിച്ചത്.

# നെതന്യാഹുവിന്റെ രാജി ആവശ്യപ്പെട്ട് പ്രതിഷേധം

ജെറുസലേം: ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനെതിരെ പ്രതിഷേധം ശക്തമാകുന്നു. നെതന്യാഹുവിന്റെരാജി ആവശ്യപ്പെട്ട് ലക്ഷക്കണക്കിന് പ്രതിഷേധക്കാർ ടെൽ അവീവിലും ജെറുസലേമിലും അണിനിരന്നു. ഹൈഫ, ബിയർ ഷെവ, സിസേറിയ എന്നീ നഗരങ്ങളിലും പ്രതിഷേധമുണ്ടായി. ടെൽ അവീവിൽ ബന്ദികളുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ള പ്രതിഷേധക്കാർ പ്രധാന റോഡുകൾ ഉപരോധിച്ചു. പ്രതിഷേധക്കാരെ പിരിച്ചുവിടാൻ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

16 പേരെ അറസ്റ്റ് ചെയ്തതായാണ് റിപ്പോർട്ട്. കപ്ലാൻ സ്ട്രീറ്റിൽ പൊലീസും പ്രതിഷേധക്കാരും ഏറ്റുമുട്ടി. ജെറുസലേമിൽ നൂറുകണക്കിന് പ്രതിഷേധക്കാർ നെതന്യാഹുവിന്റെ വസതിക്ക് പുറത്ത് തടിച്ചുകൂടി. നെതന്യാഹുവിനെ പുറത്താക്കാൻ പ്രതിപക്ഷ നേതാവും യുദ്ധ ക്യാബിനറ്റ് മന്ത്രിയുമായ ബെന്നി ഗാന്റ്സിനോട് ബന്ദികളുടെ കുടുംബങ്ങൾ അഭ്യർത്ഥിച്ചു. ഹമാസ് ബന്ദികളാക്കിയ 250ൽ 130 പേർ ഗാസയിൽ അവശേഷിക്കുന്നുണ്ടെന്നാണ് ഇസ്രയേലിന്റെ കണക്ക്.

# ഡൽഹിയിൽ ഓപ്പറേഷൻ താമര ആരോപണം: 25 കോടി വാഗ്ദാനം ചെയ്തെന്ന് എഎപി എംഎൽഎ

ന്യൂഡൽഹി: ബിജെപിക്കെതിരേ വീണ്ടും 'ഓപ്പറേഷൻ താമര' ആരോപണവുമായി ആം ആദ്മി പാർട്ടി. പാർട്ടിയിൽ ചേരാൻ ബിജെപി പ്രവർത്തകർ തന്നെ സമീപിച്ചിരുന്നുവെന്നും 10 എംഎൽഎമാരെ തന്നോടൊപ്പം കൊണ്ടുവന്ന് എഎപിയെ തകർക്കുകയാണെങ്കിൽ 25 കോടി രൂപ വാഗ്ദാനം ചെയ്തതായും എഎപി എംഎൽഎ ഋതുരാജ് ഝാ നിയമസഭയിൽ വെളിപ്പെടുത്തി.

ഞായറാഴ്ച തെരഞ്ഞെടുപ്പ് റാലിക്ക് ശേഷം ബവാനയിലെ ദര്യപുരിൽ ഒരു വിവാഹത്തിൽ പങ്കെടുക്കാൻ പോയപ്പോളാണ് മൂന്നോ നാലോ ബിജെപി പ്രവർത്തകർ തന്നെ മാറ്റിനിർത്തി ഇക്കാര്യം സംസാരിച്ചത്. ഡൽഹിയിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും അവർ തന്നോട് സംസാരിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, ഋതുരാജിൻറെ ആരോപണം തള്ളിയ ബിജെപി, പരാതി കൊടുക്കാൻ അദ്ദേഹത്തെ വെല്ലുവിളിച്ചു. അരവിന്ദ് കേജരിവാളിൻറെ അറസ്റ്റിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കാനാണ് എഎപി ശ്രമിക്കുന്നതെന്നും ഡൽഹി ബിജെപി നേതാക്കൾ പറഞ്ഞു.

എഎപി ഭരിക്കുന്ന പഞ്ചാബിലും ഓപ്പറേഷൻ താമര ആരോപണം ബിജെപിക്കെതിരേ ഉയർന്നിരുന്നു. ഇതിനു പിന്നാലെയാണ് ഡൽഹി എംഎൽഎയുടെ വെളിപ്പെടുത്തൽ.

# കിഫയുടെ ഇരുപതിന കർഷക അവകാശപത്രിക ; യുഡിഎഫ് സ്ഥാനാർഥി വി.കെ. ശ്രീകണ്ഠനു കൈമാറി

കല്ലടിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി കിഫ ഇരുപതിന കർഷക അവകാശപത്രിക പാലക്കാട് പാർലമെൻറ് യുഡിഎഫ് സ്ഥാനാർഥി വി.കെ. ശ്രീകണ്ഠന് ജില്ലാ പ്രസിഡൻറ് സണ്ണി കിഴക്കേക്കര കൈമാറി.ഇന്ത്യയിലെ കർഷകരെ നിർവചിക്കുകയും കർഷകരുടെ അവകാശങ്ങൾ വിശദീകരിക്കുകയും ഉറപ്പാക്കുകയും ചെയ്യുന്ന കർഷക അവകാശ നിയമം കൊണ്ടുവരിക, ഇന്ത്യയിൽ സംരക്ഷണം ആവശ്യമുള്ള വംശനാശഭീഷണി നേരിടുന്ന എല്ലാ വന്യജീവികളുടെയും പട്ടിക ഇന്ത്യൻ സർക്കാർ തയാറാക്കുകയും കാലാകാലങ്ങളിൽ പട്ടിക പുതുക്കുകയും ചെയ്യുക, 1972 ലെ കേന്ദ്ര വന്യജീവി നിയമം മാറ്റി എഴുതുക, കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്യുന്നത് വരെ, വനത്തിന് വെളിയിൽ കൃഷി നശിപ്പിക്കുകയോ മനുഷ്യരെ ആക്രമിക്കുകയോ ചെയ്യുന്ന വന്യമൃഗങ്ങളെ നേരിടുകയും കൊല്ലുകയും ചെയ്യുന്ന മനുഷ്യർക്കെതിരെ കേസ് എടുക്കുന്നത് നിർത്തിവയ്ക്കുക, വന്യജീവികളെ പുനരുത്പാദിപ്പിക്കാവുന്ന വിഭവങ്ങളായി കണക്കാക്കുകയും ശാസ്ത്രീയ വാഹകശേഷി പഠനങ്ങളുടെ അടിസ്ഥാനത്തിൽ വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കാൻ നിയന്ത്രിതവേട്ട അനുവദിക്കുകയും ചെയ്യുക തുടങ്ങി 20 ആവശ്യങ്ങളടങ്ങിയ പത്രികയാണ് കൈമാറിയത്. എൽഡിഎഫ് സ്ഥാനാർഥി എ.വിജയരാഘവനും പത്രിക കൈമാറിയിരുന്നു.

എൻഡിഎ സ്ഥാനാർഥിക്കും പത്രിക നൽകാനാണ് കിഫയുടെ തീരുമാനം.

ജില്ലാ കോഓർഡിനേറ്റർ ജോമി മാളിയേക്കൽ, കോങ്ങാട് അസംബ്ലി പ്രസിഡൻറ് വിൻസെൻറ് ഇലവുങ്കൽ എന്നിവർ കർഷക വിഷയങ്ങൾ അവതരിപ്പിച്ചു.

# നാഗാലാൻഡ് : ലോക്സഭ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കരുതെന്ന് സർക്കാർ

കൊഹിമ: ലോക്സഭാ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കരുതെന്ന് നാഗാലാൻഡ് സർക്കാർ ഈസ്റ്റേൺ നാഗാലാൻഡ് പീപ്പിൾസ് ഓർഗനൈസേഷനോട് (ഇഎൻപിഒ) അഭ്യർത്ഥിച്ചു. നാഗാലാൻഡിലെ ആറ് ജില്ലകൾ അടങ്ങുന്ന പ്രത്യേക ഭരണം അല്ലെങ്കിൽ സംസ്ഥാനം വേണമെന്ന സംഘടനയുടെ ആവശ്യം കേന്ദ്രസർക്കാർ വർഷങ്ങളായി അവഗണിക്കുന്നതിനെ തുടർന്നാണ് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുമെന്ന് സംഘടന അറിയിച്ചത്. ഇതിനു പിന്നാലെയാണ് നാഗാലാൻഡ് സർക്കാർ അഭ്യർത്ഥനയുമായി രംഗത്തെത്തിയത്.

കഴിഞ്ഞ ദിവസം അധികാരികൾ ഈസ്റ്റേൺ നാഗാലാൻഡ് ലെജിസ്ലേറ്റീവ് യൂണിയൻ (ഇഎൻഎൽയു) അംഗങ്ങളുമായി ചർച്ച നടത്തിയതായി നാഗാലാൻഡ് സർക്കാർ അറിയിച്ചു. യോഗത്തിൽ കേന്ദ്രസർക്കാർ അവഗണ ഉൾപ്പെടെ നിരവധി വിഷയങ്ങൾ ചർച്ച ചെയ്തു. കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിൽ എത്തിയാൽ ഇഎൻപിഒയുടെ ആവശ്യങ്ങളിൽ കൂടുതൽ ചർച്ചകൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കും. അതിനാൽ വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നിന്ന് വിട്ടുനിൽക്കരുതെന്നും തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് കൂടുതൽ നേട്ടത്തിനായി ജനാധിപത്യ കടമ പൂർത്തിയാക്കണമെന്നും നാഗാലാൻഡ് സർക്കാർ ആവശ്യപ്പെട്ടു.

# പൂരത്തിനു കൂടുതൽ ട്രെയിനുകൾ ഓടിക്കണം: ദേവസ്വങ്ങൾ

തൃശൂർ: പൂരത്തിനു വിപുലമായ ട്രെയിൻ യാത്രാസൗകര്യം ഒരുക്കണമെന്നു തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങൾ ദക്ഷിണ റെയിൽവേയോട് ആവശ്യപ്പെട്ടു.പൂരത്തിരക്ക് കൈകാര്യം ചെയ്യുന്നതിനു തൃശൂർ, പൂങ്കുന്നം സ്റ്റേഷനുകളിൽ കൂടുതൽ ടിക്കറ്റ് കൗണ്ടറുകൾ ഉൾപ്പടെ യാത്രികർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയും കുടിവെള്ളം, സുരക്ഷ, ആവശ്യത്തിനു വെളിച്ചം എന്നിവ ലഭ്യമാക്കിയും കൂടുതൽ ഉദ്യോഗസ്ഥരെ വിന്യസിച്ചും പൂരത്തിന് എത്തുന്നവരുടെ യാത്ര സുഗമമാക്കണം. യാത്രികരുടെ സൗകര്യാർഥം ചില ട്രെയിനുകൾക്കു പൂങ്കുന്നത്തു താത്കാലിക സ്റ്റോപ്പ് അനുവദിക്കണമെന്നും പാറമേക്കാവ് ദേവസ്വം സെക്രട്ടറി ജി. രാജേഷും തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ. ഗിരീഷ് കുമാറും തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർക്കു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

# ഉത്തരകൊറിയ ബാലിസ്റ്റിക് മിസൈൽ വിക്ഷേപിച്ചതായി ദക്ഷിണ കൊറിയ

സിയൂൾ: കിഴക്കൻ കടൽ എന്നറിയപ്പെടുന്ന ജപ്പാൻ കടലിലേക്ക് ഉത്തരകൊറിയ ബാലിസ്റ്റിക് മിസൈൽ തൊടുത്തുവിട്ടതായി ദക്ഷിണകൊറിൻ സൈന്യത്തിൻറെ ജോയിൻറ് ചീഫ്സ് ഓഫ് സ്റ്റാഫ് അറിയിച്ചു.

ഖരഇന്ധന എൻജിനുള്ള പുതിയ തരം ഇൻറർമീഡിയറ്റ് റേഞ്ച് ഹൈപ്പർസോണിക് മിസൈലിൻറെ വിജയകരമായ പരീക്ഷണത്തിന് ഉത്തരകൊറിയൻ നേതാവ് കിം ജോംഗ് ഉൻ മേൽനോട്ടം വഹിച്ചതായി പ്യോംഗ്യാംഗ് സ്റ്റേറ്റ് മീഡിയ വെളിപ്പെടുത്തി രണ്ടാഴ്ചയ്ക്കുള്ളിലാണ് വിക്ഷേപണം. ഉത്തര കൊറിയ മിസൈൽ തൊടുത്തതായി ജപ്പാനും പറഞ്ഞു. ഉത്തരകൊറിയ ഈ വർഷം ഇതുവരെ നടത്തിയ മൂന്നാമത്തെ ബാലിസ്റ്റിക് മിസൈൽ പരീക്ഷണമായിരുന്നു ഇത്. കഴിഞ്ഞ വർഷം തങ്ങളുടെ ആദ്യത്തെ ഖര ഇന്ധനമുള്ള ഐസിബിഎം വിജയകരമായി പരീക്ഷിച്ചതായി ഉത്തരകൊറിയ അവകാശപ്പെട്ടിരുന്നു. ഖരഇന്ധന മിസൈലുകൾ വിക്ഷേപിക്കുന്നതിന് മുമ്പ് ഇന്ധനം നൽകേണ്ടതില്ല. അവ കണ്ടെത്താനും നശിപ്പിക്കാനും പ്രയാസകരമാണ്.

# പൊൻകുന്നം ഡിപ്പോയിൽ 14 സർവീസുകൾ മുടങ്ങി

പൊൻകുന്നം: കെഎസ്ആർടിസി പൊൻകുന്നം ഡിപ്പോയിൽ ഇന്നലെ മുടങ്ങിയത് 14 സർവീസുകൾ. ഇതിൽ 13 ബസുകളുടെ സിഎഫ് തീർന്നതും ഒരു ബസ് എഞ്ചിൻ തകരാറുമാണ് കാരണമെന്നറിയുന്നു. സിഎഫ് തീർന്ന 13 ബസുകളിലെയും ജിപിഎസ് സംവിധാനം ഘടിപ്പിക്കുവാൻ വൈകുന്നതാണ് മോട്ടോർ വാഹന വകുപ്പിൽ ബസുകൾ ടെസ്റ്റ് ചെയ്യാൻ താമസിക്കുന്നതിൻറെ കാരണം. ഇന്നലെ പൊൻകുന്നം ഡിപ്പോയിൽനിന്നു രാവിലെ ആറിനുള്ള മുണ്ടക്കയം കോട്ടയം, ചെറുവള്ളി അമ്പലം വള്ളിയാങ്കാവ് ക്ഷേത്രം, 6.30നുള്ള പത്തനംതിട്ട ചെയിൻ, 6.30, 7.45, 8.00 പാലാ പൊൻകുന്നം ചെയിൻ സർവീസുകൾ, 6.40 കറിക്കാട്ടൂർ മണിമല, 6.40 മുണ്ടക്കയം, 7.15 മണിമല കട്ടപ്പന അടക്കമുള്ള സർവീസുകളാണ് റദ്ദാക്കിയത്.

# പെരുമാറ്റച്ചട്ട ലംഘനം: ജില്ലയിൽ 6036 പരാതികൾ

കൊച്ചി: പൊതുജനങ്ങൾക്ക് ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അതിവേഗം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനുള്ള സിവിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേന ജില്ലയിൽ ഇതുവരെ ലഭിച്ചത് 6036 പരാതികൾ.

ഇതിൽ 5982 എണ്ണം ശരിയാണെന്ന് കണ്ടെത്തി പരിഹരിച്ചു. 53 എണ്ണം കഴമ്പില്ലാത്തതിനാൽ ഉപേക്ഷിച്ചു. ഒരു പരാതിയിൽ നടപടി പുരോഗമിക്കുന്നു. പരാതികൾ ജില്ലാ പ്ലാനിംഗ് ഓഫീസിൽ പ്രവർത്തിക്കുന്ന സി വിജിൽ ജില്ലാ കൺട്രോൾ റൂമിൽ ലഭിച്ച ഉടൻ തന്നെ അതത് നിയോജക മണ്ഡലങ്ങളിലെ സ്ക്വാഡുകൾക്ക് കൈമാറിയാണ് നടപടി സ്വീകരിക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇഡി വാദം തെറ്റ്; തോമസ് ഐസകിനെ ന്യായീകരിച്ച് കിഫ്ബി സിഇഒ

തിരുവനന്തപുരം: മസാല ബോണ്ട് ഇടപാടിൽ ഇഡി വാദം തെറ്റാണെന്ന് കിഫ്ബി സിഇഒ കെ. എം. ഏബ്രഹാം ഹൈക്കോടതിയെ അറിയിച്ചു. കിഫ്ബി ശേഖരിച്ച പണത്തിൻറെ വിനിയോഗം കൂട്ടായെടുക്കുന്ന തീരുമാനമാണ്.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന ചുമതലയ്ക്കപ്പുറം തോമസ് ഐസകിന് മാത്രമായി പ്രത്യേക റോളില്ല. മസാല ബോണ്ട് ഇറക്കിയതിൻറെയും ഫണ്ട് വിനിയോഗത്തിൻറെയും പ്രധാന ഉത്തരവാദിത്വം തോമസ് ഐസകിനാണെന്ന ഇഡി വാദം തെറ്റാണെന്നും അദ്ദേഹം പറഞ്ഞു.

മസാല ബോണ്ട് കേസിൽ തോമസ് ഐസകിന് വ്യക്തമായ പങ്കുണ്ടെന്ന് ഇഡി കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു. കിഫ്ബി ശേഖരിക്കുന്ന ഫണ്ട് കൈകാര്യം ചെയ്യുന്നത് ഫണ്ട് മാനേജർ ആണെന്നും ഇതിൽ തോമസ് ഐസകിന് ഒരു റോളുമില്ലെന്ന് കെ. എം. ഏബ്രഹാം നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു.

മസാലബോണ്ട് കേസിൽ തോമസ് ഐസക് ഇന്ന് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിനു(ഇഡി) മുന്നിൽ ഹാജരാകില്ല. സമൻസ് ചോദ്യംചെയ്ത് ഐസക് നൽകിയ ഹർജിയിൽ വെള്ളിയാഴ്ച ഹൈക്കോടതി വാദം കേൾക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹർജിയിൽ കോടതി ഉത്തരവ് അറിഞ്ഞ ശേഷമായിരിക്കും ഹാജരാകുന്നതിൽ തുടർ നടപടി.

മസാല ബോണ്ട് അന്വേഷണവുമായി ബന്ധപ്പെട്ട് വെള്ളിയാഴ്ച വരെ തോമസ് ഐസക്കിനെതിരേ മറ്റു നടപടികൾ സ്വീകരിക്കരുതെന്ന് ഇഡിക്ക് ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ട്.

# കെ. സി. വേണുഗോപാൽ ശോഭാ സുരേന്ദ്രനെതിരെ മാനനഷ്ടക്കേസ് നൽകി

ആലപ്പുഴ: എൻഡിഎ സ്ഥാനാർഥി ശോഭാ സുരേന്ദ്രൻ അപകീർത്തികരമായ പരാമർശം നടത്തിയെന്ന് ആരോപിച്ച് കെ. സി. വേണുഗോപാൽ മാനനഷ്ടക്കേസ് ഫയൽ ചെയ്തു.

രാജസ്ഥാനിലെ മുൻ ഖനന വകുപ്പ് മന്ത്രി കിഷോറാം ഓലയുടെ സഹായത്തോടെ കെ. സി. വേണുഗോപാൽ കേരളത്തിലെ ധാതുക്കളെല്ലാം കവർന്നെടുത്ത് കോടികൾ സന്പാദിച്ചെന്നാണ് ശോഭാ സുരേന്ദ്രൻ ആരോപിച്ചത്.

കിഷോറാം ഓലയുടെ കുടുംബവുമായി ചേർന്ന് ഇപ്പോഴും ബിനാമി പേരിൽ കെ. സി. വേണുഗോപാൽ ആയിരക്കണക്കിനു കോടികൾ സമ്പാദിക്കുന്നുണ്ടെന്നും ശോഭ ആരോപിച്ചിരുന്നു.

ഈ പരാമർശം തന്നെ അപകീർത്തിപ്പെടുത്തിയെന്ന് ആലപ്പുഴ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ കേസിൽ കെ. സി. വേണുഗോപാൽ പറഞ്ഞു. വേണുഗോപാലിനു വേണ്ടി മാത്യു കുഴൽനാടൻ എംഎൽഎ ഹാജരായി.

വേണുഗോപാൽ തനിക്കെതിരെ പരാതി നൽകിയത് സ്വാഗതം ചെയ്യുകയാണെന്ന് ശോഭാ സുരേന്ദ്രൻ പറഞ്ഞു.

# കരുവന്നൂർ കേസിൽ പി. കെ. ബിജുവിന് ഇഡി നോട്ടീസ്

കൊച്ചി: കരുവന്നൂർ കള്ളപ്പണ ഇടപാടു കേസിൽ സിപിഎമ്മിന് കുരുക്ക് മുറുകുന്നു. രണ്ടാം ഘട്ട അന്വേഷണത്തിൻറെ ഭാഗമായി കൂടുതൽ സിപിഎം നേതാക്കളെ ചോദ്യം ചെയ്യാൻ ഒരുങ്ങുകയാണ് ഇഡി.

മുൻ എംപി പി. കെ. ബിജു, സിപിഎം തൃശൂർ കോർപറേഷൻ കൗൺസിലർ പി. കെ. ഷാജൻ എന്നിവരോട് ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് ഇഡി നോട്ടീസ് നൽകി. ബിജുവിനോട് വ്യാഴാഴ്ചയും ഷാജനോട് വെള്ളിയാഴ്ചയും ഹാജരാകാൻ ആവശ്യപ്പെട്ടാണ് നോട്ടീസ് നൽകിയത്. കരുവന്നൂരിലെ തട്ടിപ്പ് അന്വേഷിക്കാൻ സിപിഎം നിയോഗിച്ച അന്വേഷണ സമിതി അംഗങ്ങളായിരുന്നു ഇരുവരും.

ഈ അന്വേഷണ റിപ്പോർട്ട് ഇഡി ആവശ്യപ്പെട്ടെങ്കിലും സിപിഎം ജില്ലാ സെക്രട്ടറി എം. എം. വർഗീസ് ഇത് കൈമാറിയില്ല. ഇതിന് പുറമെ കേസിലെ മുഖ്യപ്രതികളിൽ ഒരാളായ സതീഷ് കുമാറുമായി ബിജു സാമ്പത്തിക ഇടപാടുകൾ നടത്തിയതായി ഇഡി കണ്ടെത്തിയിരുന്നു.

ബാങ്കിൽ അഞ്ച് അക്കൗണ്ടുകൾ സിപിഎം നേതാക്കളാണ് ഉപയോഗിച്ചതെന്നും കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ നടത്തിയിട്ടുണ്ടെന്നും കെവൈസി അടക്കം നൽകാതെയാണ് അക്കൗണ്ടുകൾ ഓപ്പൺ ചെയ്തതെന്നും ഇഡി കണ്ടെത്തിയിരുന്നു. കേസിൽ സിപിഎം തൃശൂർ ജില്ലാ സെക്രട്ടറി എം. എം. വർഗീസിനോട് ബുധനാഴ്ച ഹാജരാകാൻ ആവശ്യപ്പെട്ട് ഇഡി നോട്ടീസ് നൽകിയിരുന്നു.

# കെഎസ്ആർടിസി ബസ് ഇടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ച സംഭവം; ഡ്രൈവറെ പിരിച്ചുവിട്ടു

തിരുവനന്തപുരം: കെഎസ്ആർടിസി ബസ് ഇടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ച സംഭവത്തിൽ ഡ്രൈവറെ സർവീസിൽ നിന്നും പിരിച്ചുവിട്ടു.

കഴിഞ്ഞ 29ന് കോട്ടയം കളത്തിപ്പടിയിലുണ്ടായ അപകടവുമായി ബന്ധപ്പെട്ടാണ് കെഎസ്ആർടിസി ഡ്രൈവർ വി. ബ്രിജേഷിനെ പിരിച്ചുവിട്ടതെന്ന് കെഎസ്ആർടിസി അറിയിച്ചു. തിരുവല്ലയിൽ നിന്ന് മധുരയിലേക്ക് പോവുകയായിരുന്ന സൂപ്പർ ഫാസ്റ്റ് ബസാണ് അപകടത്തിൽപ്പെട്ടത്. കെഎസ്ആർടിസി സിഎംഡിയുടെ നിർദ്ദേശപ്രകാരം വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ഡ്രൈവറുടെ അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും കാരണമാണ് അപകടമുണ്ടായതെന്ന് കണ്ടെത്തിയിരുന്നു. ഈ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് ഡ്രൈവറെ പിരിച്ചുവിട്ടതെന്ന് അധികൃതർ പറഞ്ഞു.

# ദമ്പതിമാരും സുഹൃത്തായ അധ്യാപികയും അരുണാചലിലെ ഹോട്ടലിൽ മരിച്ചനിലയിൽ



ഇറ്റാനഗർ/ തിരുവനന്തപുരം: മലയാളികളായ ദമ്പതിമാരെയും സുഹൃത്തായ അധ്യാപികയെയും അരുണാചൽ പ്രദേശിലെ ഹോട്ടലിൽ മരിച്ചനിലയിൽ കണ്ടെത്തി. കോട്ടയം സ്വദേശികളായ നവീൻ, ഭാര്യ ദേവി, ഇവരുടെ സുഹൃത്തായ തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി ആര്യ എന്നിവരാണ് മരിച്ചത്.

ഇവരുടെ മൃതദേഹങ്ങളിൽ വരഞ്ഞ രീതിയിൽ മുറിവുകളുണ്ടായിരുന്നെന്ന് മീനടം പഞ്ചായത്ത് പ്രസിഡന്റ് മോനിച്ചൻ കിഴക്കേടം പറഞ്ഞു. സുഹൃത്ത് വിളിച്ച് പറഞ്ഞതോടെയാണ് കാര്യം അറിയുന്നത്. മരിച്ച വ്യക്തിയെ അത്ര പരിചയമില്ലെങ്കിലും കുടുംബവുമായി നല്ല അടുപ്പത്തിലാണ്. ശരീരമാകെ വരഞ്ഞിരിക്കുകയാണ്. പുനർജനിയുടെ ഭാഗമായിട്ട് വരഞ്ഞതാണെന്നാണ് നിലവിൽ അറിഞ്ഞിരിക്കുന്നത്. അങ്ങിനെ രക്തം വാർന്നാണ് മരിച്ചിരിക്കുന്നത്. എത്ര ദിവസമായി മരിച്ചിട്ടെന്ന് ഒരു അറിവുമില്ലെന്നും അദ്ദേഹം പറഞ്ഞു.

മരിച്ച നവീനും ഭാര്യ ദേവിയും പുനർജനിയിലെ അം?ഗങ്ങളായിരുന്നുവെന്ന് അയൽവാസി ഐപ്പും മാധ്യമങ്ങളോട് പറഞ്ഞു. പുനർജനി എന്നൊരു സംഘടനയുണ്ട്. 'അത് ഒരു സാത്താൻസേവയോ അങ്ങിനെ ഏതാണ്ടാണ്. അതിലെ അംഗങ്ങളാണ് ഇവർ. ആ സംഘടന വഴിയാണ് ഇവർ അരുണാചലിൽ പോയിരിക്കുന്നത്. ഇവരുടെ കൂടെ ഭാര്യയുടെ കൂട്ടുകാരിയുമുണ്ട്. ആ ഒരു സംഘടനയിൽ പോയിട്ട് ഇവരുടെ മനസ്സ് മാറുകയോ എന്തോ സംഭവിച്ചിട്ടുണ്ട്. 13 വർഷമായി ഇവരുടെ വിവാഹം കഴിഞ്ഞിട്ട്', ഐപ്പ് പറഞ്ഞു.

ദമ്പതിമാരെ മരിച്ചനിലയിൽ കണ്ടെത്തിയ മുറിയിൽനിന്ന് ആത്മഹത്യാക്കുറിപ്പ് കണ്ടെടുത്തതായാണ് അരുണാചൽ പോലീസ് നൽകുന്ന വിവരം. ഒരു കടവുമില്ല, ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല എന്നാണ് കുറിപ്പിലുണ്ടായിരുന്നത്. ഞങ്ങൾ എവിടെയാണോ അങ്ങോട്ട് പോകുന്നു എന്നെഴുതി മൂവരും കുറിപ്പിൽ ഒപ്പിട്ടിരുന്നതായാണ് പോലീസ് പറയുന്നത്.

കോട്ടയം മീനടം സ്വദേശി നവീൻ തോമസ്(35), ഭാര്യ ദേവി(35), ഇവരുടെ സുഹൃത്തായ തിരുവനന്തപുരം വട്ടിയൂർക്കാവ് മണികണ്ഠേശ്വരം സ്വദേശി ആര്യ ബി.നായർ(20) എന്നിവരെയാണ് അരുണാചലിലെ ജിറോയിലെ ഹോട്ടൽ മുറിയിൽ മരിച്ചനിലയിൽ കണ്ടത്. ജിറോയിലെ ബ്ലൂ പൈൻ ഹോട്ടലിലെ 305ാം നമ്പർ മുറിയിലായിരുന്നു മൂവരും താമസിച്ചിരുന്നത്.

# മെഡിക്കൽ കോളജിനു സമീപത്തെ തീപിടിത്തം: ഫോറൻസിക്, കെഎസ്ഇബി പരിശോധന നടത്തി

ഗാന്ധിനഗർ: കോട്ടയം മെഡിക്കൽ കോളജ് ബസ് സ്റ്റാൻഡിനു മുൻവശത്തുള്ള കടകളിലെ തീപിടിത്തത്തിൽ ഫോറൻസിക് വിദഗ്ധരും കെഎസ്ഇബി ഇലക്ട്രിക് വിംഗും സ്ഥലത്തെത്തി പരിശോധന നടത്തി.പൂർണമായും കത്തിനശിച്ച തോട്ടത്തിൽ സ്റ്റോഴ്സിൽ നിന്നാണു സാമ്പിളുകൾ ശേഖരിച്ചത്. ഇതിൻറെ പരിശോധനഫലം ലഭിച്ചാലേ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയൂ. തീപിടിത്തത്തിനുള്ള കാരണം കണ്ടെത്താൻ വിദഗ്ധസമിതിയുടെ അന്വേഷണം വേണമെന്നു വ്യാപാരി വ്യവസായി ഏകോപന സമിതി ഗാന്ധി നഗർ യൂണിറ്റ് പ്രസിഡൻറ് ഇമ്മാനുവൽ പുന്നവേലിൽ, ജനറൽ സെക്രട്ടറി തോമസ് തെക്കേടം എന്നിവർ ആവശ്യപ്പെട്ടിരുന്നു.കഴിഞ്ഞദിവസം പുലർച്ചെയാണു യുണൈറ്റഡ് ബിൽഡിംഗിൻറെ ഗ്രൗണ്ട് ഫ്ളോറിലെ നാലു കടകൾക്കു തീപിടിച്ചത്. സോണിയുടെ ഉടമസ്ഥതയിലുള്ള തോട്ടത്തിൽ സ്റ്റോഴ്സാണു പൂർണമായും കത്തിനശിച്ചത്. രാവിലെ 9.45 നാണു തീപടരുന്നതു സമീപത്തെ ഹോട്ടൽ ജീവനക്കാർ കാണുന്നത്. ഉടൻ ഗാന്ധിനഗർ പോലീസിനെയും അഗ്നിശമന സേനയെയും വിവരം അറിയിച്ചു.ഫയർ ഫോഴ്സ് ജില്ലാ ഓഫീസർ റെജി വി. കുര്യാക്കോസ്, സ്റ്റേഷൻ ഓഫീസർമാരായ വിഷ്ണു മധു, ടി.സി. ശിവകുമാർ കോട്ടയം, കലേശ് കുമാർ കടുത്തുരുത്തി, ടി. ഷാജി വൈക്കം എന്നിവരുടെ നേതൃത്വത്തിൽ കോട്ടയം, കടുത്തുരുത്തി, വൈക്കം, പാലാ എന്നിവിടങ്ങളിൽ നിന്നെത്തിയ ഒമ്പതു യൂണിറ്റുകളുടെ മൂന്നുമണിക്കൂർ നേരത്തെ കഠിനശ്രമത്തിലാണു തീയണയ്ക്കാനായത്.

ഗാന്ധിനഗർ, കോട്ടയം ഈസ്റ്റ് എന്നിവിടങ്ങളിൽ നിന്നെത്തിയ പോലീസ് ഉദ്യോഗസ്ഥരുടെയും നാട്ടുകാരുടെയും ഇടപെടലിൽ വൻദുരന്തം ഒഴിവായി. ഒരേസമയം കെട്ടിടത്തിൻറെ മുന്നിലും പിന്നിലും നിന്നു വെള്ളം പമ്പ് ചെയ്തെങ്കിലും ആദ്യ മണിക്കൂറിൽ തീയണയ്ക്കാൻ കഴിഞ്ഞില്ല. തുടർന്ന് കടയുടെ ഇരുമ്പ് ഷട്ടർ തകർത്തു കടയുടെ അകത്തുകയറിയ ശേഷമാണ് തീ നിയന്ത്രണ വിധേയമാക്കിയത്.

ഒന്നാം നിലയിലേക്കും തീപടർന്നതിനെ തുടർന്നു കടയുടെ ഭിത്തി തകർത്തു വെള്ളം പമ്പ് ചെയ്താണു മറ്റു കടകളിലേക്കു തീപടരാതെ ദുരന്തം ഒഴിവാക്കാൻ കഴിഞ്ഞത്.

# ഫിലിപ്പീൻസിൽ മലയാളി വിദ്യാർഥിക്ക് ദുരിതം: അടിയന്തര ഇടപെടൽ വേണമെന്ന് ബന്ധുക്കൾ

ചേർത്തല: വെറ്ററിനറി മെഡിസിൻ കോഴ്സു പഠിക്കാൻ ഫിലിപ്പീൻസിൽ പോയ മലയാളി വിദ്യാർഥി കുടുങ്ങി. 2019നു ശേഷം നാട്ടിലേക്കെത്താൻ പോലുമാകാതെ ഫിലിപ്പീൻസിൽ കഴിയുന്ന വിദ്യാർഥി കടുത്ത ദുരിതത്തിലാണെന്നാണ് വീട്ടുകാർക്കു കിട്ടിയിരിക്കുന്ന വിവരം. വിസയുടെ കാലാവധി കഴിഞ്ഞതിനാൽ നിയമനടപടികൾക്കുള്ള സാധ്യതകളും ഉയർന്നിട്ടുണ്ട്.അവിടെയുള്ള ചില മലയാളികളുടെ സഹായത്താലാണ് കഴിയുന്നത്. ചേർത്തല അർത്തുങ്കൽ കുരിശിങ്കൽ അലോഷ്യസ് വിൽസൻറെ മകൻ സാവിയോ അലോഷ്യസാണ് (31) ഫിലിപ്പീൻസിലെ സാൻ കാർലോസിൽ കുടുങ്ങിയിരിക്കുന്നത്. 2016ൽ സാൻകർലോസിലെ വിർജെൻ മിലാഗ്രാസു സർവകലശാലയിൽ കോഴ്സിനു ചേർന്നത്.

നാലുവർഷ കോഴ്സിനു 15 ലക്ഷമാണ് ചെലവു പറഞ്ഞിരുന്നത്. എന്നാൽ, 2024ലും കോഴ്സ് പൂർത്തിയായിട്ടില്ല. ഇതിനൊപ്പം 37 ലക്ഷത്തിലധികം ചെലവഴിച്ചുകഴിഞ്ഞു. നിലവിൽ 10 ലക്ഷം അടിയന്തരമായി നൽകണമെന്നാണ് യൂണിവേഴ്സിറ്റിയുടെ ആവശ്യമെന്ന് അച്ഛൻ അലോഷ്യസ് വിൽസൺ പറഞ്ഞു.കഴിഞ്ഞ ഓഗസ്റ്റിൽ വിസ കാലാവധി കഴിഞ്ഞതിനാൽ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽനിന്നു പടിയിറക്കി. ഇപ്പോൾ പലയിടങ്ങളിലായാണ് താമസം. വിദേശമന്ത്രാലയത്തിൽ പരാതി നൽകിയിട്ടുണ്ട്. കോവിഡ് സാഹചര്യത്തിലടക്കം കോഴ്സു നീണ്ടതും. ഡോളറിലാണ് വിനിയോഗമെന്നതിനാൽ ഇവിടെനിന്ന് അയയ്ക്കുന്ന തുകയുടെ 50 ശതമാനത്തോളം മാത്രമേ അവിടെ ഫലത്തിൽ ലഭിക്കാറുള്ളു.അതെല്ലാം പ്രതിസന്ധിക്കു കാരണമായതായും വീട്ടുകാർ പറഞ്ഞു. പഠനത്തിനൊപ്പം ജോലിയെന്ന സാധ്യതയിലാണ് കോഴ്സിനു ചേർന്നത്. മെഡിസിൻ മേഖലയിൽ ഫിലിപ്പീൻസിൽ താത്കാലിക ജോലി അനുവദനീയമല്ലെന്നതും തിരിച്ചടിയായി. നിയമ നടപടികളിലേക്കു കടന്നാൽ എട്ടുവർഷത്തെ പഠന സർട്ടിഫിക്കറ്റും ആറുമാസത്തെ പരിശീലന സർട്ടിഫിക്കറ്റുടക്കം നഷ്ടമാകുന്ന സാധ്യതയുണ്ട്. ഇനിയും 10 ലക്ഷം നൽകിയാൽ പരിഹാരമുണ്ടാക്കാമെന്നാണ് സർവകലാശാല അധികൃതർ അറിയിച്ചിരിക്കുന്നത്. നിലവിൽ ഇതേ ആവശ്യത്തിനായി അർത്തുങ്കലിലെ വീടുപോലും വിറ്റ് വാടക വീട്ടിലായിരിക്കുകയാണ് കുടുംബം. പ്രതിസന്ധി മറികടക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം തേടിയിട്ടുണ്ട്. കേന്ദ്രസർക്കാരിൻറെ ഇടപെടൽ ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് കുടുംബം.

# വിമാനയാത്രയ്ക്കിടെ നഴ്സിൻെറ സമയോചിത ഇടപെടലിൽ വയോധികയ്ക്ക് പുതുജീവൻ

കോതമംഗലം: വിമാനയാത്രയ്ക്കിടയിൽ കോതമംഗലം സ്വദേശിനിയായ നഴ്സിൻറെ സമയോചിത ഇടപെടലിൽ കോൽക്കത്ത സ്വദേശിനിയായ വയോധികയ്ക്ക് പുതുജീവൻ. ഡൽഹി എയിംസ് ആശുപത്രി നഴ്സിംഗ് ഓഫീസറായ കോതമംഗലം എളംബ്ര സ്വദേശി അശ്വതി രതീഷിൻറെ ഔചിത്യ പൂർണമായ ഇടപെടലാണ് കോൽക്കത്ത സ്വദേശിയായ വയോധികയുടെ ജീവൻ രക്ഷിച്ചത്.

ആൻഡമാനിൽ അവധിക്കാല ആഘോഷങ്ങൾക്കു ശേഷം ശനിയാഴ്ച ഉച്ചയോടെ കുടുംബാംഗങ്ങൾക്കൊപ്പം വിമാനത്തിലാണ് ഡൽഹിയിലേക്ക് അശ്വതി പുറപ്പെട്ടത്. വിമാനം കൊൽക്കത്ത എത്താറായപ്പോൾ വിമാനത്തിൽ ജീവനക്കാരുടെ അടിയന്തര സന്ദേശം വരികയായിരുന്നു. യാത്രക്കാരിൽ ഡോക്ടർമാരോ മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്നവരോ ഉണ്ടെങ്കിൽ ബന്ധപെടണമെന്നും യാത്രക്കാരിയായ വയോധികയ്ക്ക് മെഡിക്കൽ സഹായം വേണമെന്നായിരുന്നു സന്ദേശം. ഇതു കേട്ടതോടെ അശ്വതി രതീഷ് തൻറെ സാന്നിധ്യം അറിയിക്കുകയും രോഗിയുടെ അടുത്തെത്തി പരിശോധന ആരംഭിക്കുകയും ചെയ്തു.കൈകാലുകൾ മരവിച്ച അവസ്ഥയിലും പൾസ് തീരെ കുറഞ്ഞ നിലയിലും ശ്വാസമെടുക്കാൻ പറ്റാത്ത അവസ്ഥയിലുമായിരുന്നു രോഗി. മുഖത്ത് വെള്ളം തെളിച്ചും, വേദനസംഹാരി കൊടുത്തു നോക്കിയിട്ടും വളരെ കുറഞ്ഞ പ്രതിരോധം മാത്രമാണ് ഉണ്ടായിരുന്നുള്ളു. ഇവരെ ഉടനെ തന്നെ മറ്റു യാത്രക്കാരുടെ സഹായത്തോടെ സീറ്റിൽ കിടത്തുകയും കാലുകൾ ഉയർത്തി രക്തസമ്മർദം കൂട്ടി പൾസ് സാധാരണ നിലയിലേക്ക് എത്തിക്കുകയും ചെയ്തു.

എയർ ഹോസ്റ്റസിനോട് ഓക്സിജൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് ഉടനെ തന്നെ ഓക്സിജൻ സിലിൻഡറും മാസ്കും അവർ എത്തിച്ചു നൽകി. തുടർന്ന് പ്രഷർ, ഷുഗർ എന്നിവ സാധാരണ നിലയിൽ എത്തിക്കാനുള്ള വിമാനത്തിലെ ഫസ്റ്റ് എയ്ഡ് കിറ്റിൽ നിന്നും ലായനികൾ കൊടുക്കുകയും അൽപ്പം ഭേദപ്പെട്ട നിലയിലേക്ക് രോഗി എത്തിച്ചേരുകയും ചെയ്തു.

കഴിഞ്ഞ 10 നാളുകളായി ഇവർ യാത്രയിലായിരുന്നെന്നും ഇതുവരെ ഒരു അസുഖങ്ങളും ഉണ്ടായിട്ടില്ലെന്നുമാണ് ബന്ധുക്കൾ പറഞ്ഞത്. 73 വയസുള്ള വയോധികയെ കോൽക്കത്ത വിമാനത്താവളത്തിൽ എമർജൻസി ലാൻഡിംഗ് നടത്തി ആശുപത്രിയിലേക്ക് മാറ്റി.കൃത്യ സമയത്തുള്ള അശ്വതിയുടെ ഇടപെടലിൽ ജീവൻ രക്ഷിക്കാൻ കഴിഞ്ഞതിലുള്ള നന്ദി പറഞ്ഞാണ് ബന്ധുക്കളും വിമാനത്തിലെ ജീവനക്കാരും പിരിഞ്ഞത്. കഴിഞ്ഞ 12 വർഷമായി ഡൽഹി എയിംസ് ആശുപത്രിയിൽ കാർഡിയോ വാസ്കുലാർ ആൻഡ് തൊറാസിക് സർജറി ഐസിയു വിഭാഗത്തിൽ നഴ്സിംഗ് ഓഫീസറാണ് അശ്വതി രതീഷ്.

# ബിജെപി ഭരണത്തിൽ ഫെഡറൽ സംവിധാനം വെല്ലുവിളിക്കപ്പെടുന്നു: സജി ചെറിയാൻ

തിരുവല്ല: ബിജെപിയുടെ ഭരണത്തിൻ കീഴിൽ ഇന്ത്യയിലെ ഫെഡറൽ സംവിധാനം വെല്ലുവിളിക്കപ്പെടുകയാണെന്ന് മന്ത്രി സജി ചെറിയാൻ. എൽഡിഎഫ് സ്ഥാനാർഥി ഡോ. തോമസ് ഐസക്കിൻറെ പാർലമെൻറ് മണ്ഡലം സ്വീകരണ പര്യടന പരിപാടി തിരുവല്ല മണ്ഡലത്തിലെ പുറമറ്റത്ത് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇപ്പോഴത്തെ ഇന്ത്യൻ ഭരണഘടന എത്ര കാലം നിലനിൽക്കുമെന്ന് ചിന്തിക്കേണ്ട തെരഞ്ഞെടുപ്പാണ് നമ്മൾ നേരിടുന്നതെന്ന് സജി ചെറിയാൻ പറഞ്ഞു. രാജ്യത്തെ ഒരു മുഖ്യമന്ത്രിയെ ജയിലിലിട്ടിട്ട് നടക്കുന്ന ആദ്യത്തെ ഒരു തെരഞ്ഞെടുപ്പും കൂടിയാണിത്. ഇവിടെയാണ് നമ്മുടെ ജനാധിപത്യം വെല്ലുവിളികൾ നേരിടുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എൽഡിഎഫ് ജില്ലാ കൺവീനർ അലക്സ് കണ്ണമല അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മാത്യു ടി തോമസ് എംഎൽഎ, രാജു ഏബ്രഹാം, എൽഡിഎഫ് തിരുവല്ല മണ്ഡലം സെക്രട്ടറി അർ. സനൽ കുമാർ, വർഗീസ് ജോർജ്, ജേക്കബ് ഏബ്രഹാം, പീലിപ്പോസ് തോമസ്, ഫ്രാൻസിസ് വി. ആന്റണി, ബിനു വർഗീസ്, പി. സി. സുരേഷ് കുമാർ, കെ. ജി. രതീഷ് കുമാർ, സജി ചാക്കോ എന്നിവർ പ്രസംഗിച്ചു.മല്ലപ്പള്ളി, കുന്നന്താനം, കല്ലൂപ്പാറ, ആനിക്കാട്, കവിയൂർ ,പുറമറ്റം, കുറ്റൂർ, പെരിങ്ങര, നെടുംബ്രം,, കടപ്ര, നിരണം എന്നീ പഞ്ചായത്തുകളിലും തിരുവല്ല മുനിസിപ്പാലിറ്റിയിലുമായി മുപ്പത് കേന്ദ്രങ്ങളിൽ ആദ്യദിനം സ്ഥാനാർഥിക്ക് സ്വീകരണമൊരുക്കി.

ഇന്ന് കാഞ്ഞിരപ്പള്ളി മണ്ഡലത്തിലാണ് തോമസ് ഐസക്കിൻറെ പര്യടനം.

# വന്യജീവി ആക്രമണത്തിൽ ആഴ്ചയിൽ ഒരാൾ കൊല്ലപ്പെടുന്നു

ബംഗളൂരു: കർണാടകയിൽ വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ ആഴ്ചയിൽ ശരാശരി ഒരാൾ വീതം കൊല്ലപ്പെടുന്നതായി റിപ്പോർട്ട്. കഴിഞ്ഞ 14 വർഷ കാലയളവിൽ 618 പേർ മനുഷ്യവന്യ മൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതായി വനംവകുപ്പ് പുറത്തുവിട്ട കണക്കുകളിൽ സൂചിപ്പിക്കുന്നു. ബന്നാർഘട്ട, ചാമരാജനഗര, മൈസൂരു, കുടക്, ഹാസൻ, ചിക്കമംഗളൂരു ബെൽറ്റ് തുടങ്ങിയ പ്രദേശങ്ങളിലാണ് കൂടുതൽ ആക്രമണങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ആനകളുടെ ആക്രമണത്തിലാണ് ഏറ്റവും കൂടുതൽ ആളുകൾ കൊല്ലപ്പെട്ടത്. ഏകദേശം 416 ഓളം ആളുകൾ കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ടു. പുള്ളിപ്പുലി ആക്രമണത്തിൽ 38, കരടി ആക്രമണത്തിൽ 36, കടുവ ആക്രമണത്തിൽ 34, കാട്ടുപന്നി ആക്രമണത്തിൽ 32 പേരും കൊല്ലപ്പെട്ടു.

വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ആളുകളുടെ കണക്കുകൾ ഞെട്ടിപ്പിക്കുന്നതും ആശങ്കാജനകവുമാണെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പ്രതികരിച്ചു.

# പിണറായി ഭരണത്തിനെതിരേ ജനവികാരം ആളിക്കത്തും: ചാണ്ടി ഉമ്മൻ

തിരുവല്ല: കഴിഞ്ഞ എട്ടു വർഷമായി ഭരണം നടത്തി കേരളത്തിലെ സമസ്ത മേഖലകളെയും കഷ്ടത്തിലാക്കിയ പിണറായി ഭരണത്തിനെതിരേ അതിശക്തമായ ജനവികാരം പാർലമെൻറ് തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്ന് ചാണ്ടി ഉമ്മൻ എംഎൽഎ. ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് യുഡിഎഫ് തിരുവല്ല അസംബ്ലി മണ്ഡലം നേതൃയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.നികുതി വർധന, തൊഴിലില്ലായ്മ തുടങ്ങി എല്ലാ തകർച്ചകൾക്കും ഉത്തരവാദിത്വം പിണറായി സർക്കാരിനാണെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു. യുഡിഎഫ് തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ലാലു തോമസ് അധ്യക്ഷത വഹിച്ചു.

ജില്ലാ ചെയർമാൻ വർഗീസ് മാമ്മൻ, കേരള കോൺഗ്രസ് വൈസ് ചെയർമാൻ ജോസഫ് എം. പുതുശേരി, കെപിസിസി സെക്രട്ടറി എൻ. ഷൈലാജ്, കുഞ്ഞുകോശി പോൾ, റെജി തോമസ്, ഈപ്പൻ കുര്യൻ, എബി മേക്കരിങ്ങാട്ട്, പി.എ. അനീർ, ആർ. മധുസൂദനൻപിള്ള, വർഗീസ് ജോൺ, സതീഷ് ചാത്തങ്കേരി, ഏബ്രഹാം കുന്നുകണ്ടത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു.